16
2025
ഡിസംബർ
ചൊവ്വ
ധനു 27

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 300 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-300 പേജ് 4. വില 2.00 രൂപ




02 ലേബർ കോൺക്ലേവ് 19 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

03 അംഗങ്ങളുടെ സത്യപ്രതിജ്ഞ 21 ന് : മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

04 സംസ്ഥാനത്ത് മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചു

# കടൽ മണൽ ഖനന ലേലം റദ്ദാക്കി



ന്യൂഡൽഹി: കേരളത്തിലെ കൊല്ലം തീരത്തേതുൾപ്പെടെ കടൽമണൽ ഖനനത്തിനായുള്ള ലേലനടപടികൾ കേന്ദ്ര ഖനനമന്ത്രാലയം റദ്ദാക്കി. ടെൻഡർ നടപടികളിൽ പങ്കെടുക്കാൻ ഒരു കമ്പനി പോലും എത്താതിരുന്നതിനെ തുടർന്നാണ് ലേലനടപടികൾ റദ്ദാക്കി കേന്ദ്രം വിജ്ഞാപനമിറക്കിയത്. പലതവണ ടെൻഡർ സമയം നീട്ടിനൽകിയിട്ടും ഒരു കമ്പനിയെപ്പോലും ആകർഷിക്കാനാവാത്തതാണ് കേരളമടക്കം പത്ത് ബ്ലോക്കുകളിലെ നടപടി റദ്ദാക്കിയത്.

എന്നാൽ, അന്തമാൻ നിക്കോബാർ ദ്വീപസമൂഹത്തിൽപ്പെട്ട മൂന്നു ബ്ലോക്കുകളിൽ ഇ-ലേല നടപടികൾ മുന്നോട്ടുപോയെങ്കിലും ടെൻഡറിൽ പങ്കെടുത്ത കമ്പനികൾക്ക് സാങ്കേതിക യോഗ്യത പാലിക്കാനായില്ല. പുതിയ കമ്പനികളെത്തുകയും ചെയ്യാതിരുന്നതോടെ ഇതും റദ്ദാക്കി. മൊത്തം 13 ബ്ലോക്കുകളിലാണ് രാജ്യത്താകെ ഓഫ്ഷോർ ഖനനത്തിന് കേന്ദ്രം തീരുമാനിച്ചിരുന്നത്. ജൂലായ് 15-നകം ടെൻഡർരേഖകൾ വാങ്ങാനായിരുന്നു കേന്ദ്രത്തിന്റെ ആദ്യ വിജ്ഞാപനം. കടൽമണൽ ഖനനത്തിനെതിരേ എതിർപ്പുകളുയർന്ന കേരളത്തിലേക്ക് ഒരു കമ്പനിയും എത്താതിരുന്നതോടെ ജൂലായ് 28 വരെയാക്കി നീട്ടി. കൊല്ലത്ത് മൂന്ന് ബ്ലോക്കുകളിലാണ് കടൽമണൽ ഖനനത്തിനായി കണ്ടെത്തിയത്. ഇതിനുള്ള നീക്കമാരംഭിച്ചതോടെ എതിർപ്പുയരുകയായിരുന്നു. ഇന്ത്യൻ കമ്പനികൾക്കും അവരുടെ ഉപസ്ഥാപനങ്ങൾക്കുമായിരുന്നു നേരത്തേ ടെൻഡർ സമർപ്പിക്കാനാകുമായിരുന്നത്. എന്നാൽ, എതിർപ്പുകൾതീർത്ത ആശങ്കകൾ കാരണം കമ്പനികൾ വരാൻ മടിച്ചു. ഇതേത്തുടർന്ന് വിദേശ കമ്പനികൾക്കും ഉപകമ്പനികൾക്കും ലേലത്തിൽ പങ്കെടുക്കാമെന്ന് വ്യവസ്ഥകളിൽ ഭേദഗതിവരുത്തി. എന്നിട്ടും പ്രയോജനമുണ്ടായില്ല. ഗുജറാത്തിലെ പോർബന്ദർ തീരത്ത് മൂന്ന് ബ്ലോക്കുകളിലായി ചുണ്ണാമ്പു കളിമണ്ണ് ഖനനത്തിനും അന്തമാൻ കടലിൽ ഗ്രേറ്റ് നിക്കോബാർ ദ്വീപസമൂഹത്തിൽപ്പെട്ട നാല് ബ്ലോക്കുകളിലെ പോളിമെറ്റാലിക് നോഡ്യൂൾ ഖനനത്തിനുമുള്ള ടെൻഡർ നടപടികളും റദ്ദാക്കി. ഗ്രേറ്റ് നിക്കോബാർ ദ്വീപസമൂഹത്തിലെ മറ്റു മൂന്ന് ബ്ലോക്കുകളിൽപ്പെട്ട പോളിമെറ്റാലിക് നോഡ്യൂൾ ഖനനത്തിനുള്ള ടെൻഡറിൽ പങ്കെടുത്ത കമ്പനികൾക്കൊന്നും സാങ്കേതിക യോഗ്യതയിൽ വിജയിക്കാനായില്ല. കേരളത്തിലെ കടൽമണൽ ഖനന നീക്കം ഗുരുതര പാരിസ്ഥിതികാഘാതം സൃഷ്ടിക്കുന്നതായതിനാൽ ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരളസർക്കാർ രണ്ടുതവണ കേന്ദ്രത്തിന് കത്തയച്ചിരുന്നു. കൊല്ലം പരപ്പിലെ 242 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ഖനനത്തിനായി ആദ്യം തെരഞ്ഞെടുത്തത്. കേരളത്തിനു സമീപം കടലിൽ 74.5 കോടി ടൺ മണൽ ശേഖരമുണ്ടെന്നാണ് കണ്ടെത്തൽ.

## വിഴിഞ്ഞം തുറമുഖ വികസനം: ടെക്നോളജിയും കണക്ടിവിറ്റിയും നിർണായകമെന്ന് പോർട്ട് സിഇഒ



തിരുവനന്തപുരം: കടലിലും കരയിലും ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ വികസിപ്പിക്കാനുള്ളതിനാൽ വരുന്ന അഞ്ച് വർഷക്കാലം നിക്ഷേപകർക്കും സംരംഭകർക്കും വലിയ സാധ്യതകളാണ് വിഴിഞ്ഞം തുറമുഖം മുന്നോട്ടു വയ്ക്കുന്നതെന്ന് വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് സിഇഒ ശ്രീകുമാർ കെ നായർ പറഞ്ഞു.

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ ഏഴാം പതിപ്പിൽ 'മാരിടൈം നവീകരണ മേഖലയിൽ കേരളത്തിന്റെ സാധ്യതകൾ' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന തുറമുഖം അത്യാധുനിക സൗകര്യങ്ങളാൽ സജ്ജമാണ്, പ്രവർത്തനം തുടങ്ങി വെറും 13 മാസത്തിനകം 160 രാജ്യങ്ങളിൽ നിന്നുള്ള ചരക്കു കപ്പലുകൾ എത്തിയതായും അദ്ദേഹം വ്യക്തമാക്കി. എങ്കിലും തുറമുഖത്തിന്റെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനുള്ള പിന്തുണാ സംവിധാനം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. റോഡുകൾ, റെയിൽവേ, കണ്ടെയ്നർ യാർഡുകൾ, കപ്പലുകൾക്ക് സർവീസ് നൽകുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ ഇനിയും ആവശ്യമാണ്. രാജ്യത്തെ ഏക ട്രാൻസ്ഷിപ്പ്മെൻറ് തുറമുഖമായതിനാൽ തന്നെ ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന് സഹായിക്കാനാകുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. വിഴിഞ്ഞത്ത് നിന്ന് കയറ്റുമതി ചെയ്യുന്ന ചരക്കുകൾ മുംബൈ, ചെന്നൈ തുടങ്ങിയ പഴയ തുറമുഖങ്ങളെ അപേക്ഷിച്ച് യൂറോപ്പ്, യുഎസ് പോലുള്ള പ്രധാന വിപണികളിൽ അതിവേഗത്തിൽ എത്തുമെന്ന് അദ്ദേഹം വിശദമാക്കി.

ഇന്ത്യയിലെ സ്വകാര്യ കപ്പൽ നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ 70, 000 കോടി വകയിരുത്തിയിരിക്കുന്നതിനാൽ രാജ്യത്തെ സ്വകാര്യ മേഖലയ്ക്ക് കപ്പൽ നിർമാണ രംഗത്ത് വിപുലമായ സാധ്യതകളുണ്ടെന്ന് സ്മാർട് എഞ്ചിനീയറിംഗ് ആൻഡ് ഡിസൈൻ സൊല്യൂഷൻസ് ലിമിറ്റഡ് പ്രസിഡൻറും സിഇഒയുമായ ആൻറണി പ്രിൻസ് പറഞ്ഞു.

പാരമ്പര്യ വ്യവസായമെങ്കിലും ഷിപ്പിംഗ് എന്നത് അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന മേഖലയാണ്. എമിഷൻ, ഷിപ്പിംഗ് ഡാറ്റ, നാവിഗേഷൻ തുടങ്ങിയ രംഗങ്ങളിൽ സ്ഥിരമായി നവീകരണം നടക്കുന്നുണ്ട്. ഷിപ്പിംഗിന്റെ എല്ലാ ഘട്ടങ്ങളിലും പ്രവർത്തനക്ഷമത വർധിപ്പിക്കുന്ന പരിഹാരങ്ങൾ കൊണ്ടുവരാൻ സ്വകാര്യ സ്ഥാപനങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച ഹഡിൽ ഗ്ലോബലിൽ യുവസംരംഭകർ കാണിക്കുന്ന ആവേശം ഏറെ ശ്രദ്ധേയമാണെന്ന് ഷിപ്പ്റോക്കറ്റ് ചീഫ് പ്രോഡക്ട് ഓഫീസർ പ്രഫുൽ പോഡാർ. മുംബൈയിലും ഡൽഹിയിലും നടന്ന പരിപാടിയിലും സമാനമായ ഊർജമാണ് കാണാൻ സാധിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. സപ്ലൈ ചെയിൻ കൺസൾട്ട് ബോർഡ് അഡ്വൈസറും ആമസോൺ പിവുട്ട് മുൻ വൈസ് പ്രസിഡൻറുമായ അഖിൽ സക്സേന മോഡറ്ററായിരുന്നു

## ബാങ്ക് ഇടപാടുകളുടെ സർവീസ് ചാർജുകൾ ഏകീകരിക്കുന്നു

മുംബൈ: ബാങ്കുകളുടെ സർവീസ് ചാർജുകൾ ഏകീകരിക്കാനും ഉപഭോക്താക്കൾക്ക് അധികഭാരമാകുന്ന ഫീസുകൾ ഒഴിവാക്കാനും റിസർവ് ബാങ്ക് നടപടി തുടങ്ങി.

ബാങ്കിങ് രംഗത്തെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ആർ. ബി. ഐ. യുടെ ഈ നിർണായക നീക്കം. നിലവിൽ, ഓരോ ബാങ്കുകളും ഓരോ രീതിയിലാണ് സർവീസ് ചാർജുകൾ ഈടാക്കുന്നത്. ഇത് സാധാരണക്കാർക്ക് വലിയ ആശയക്കുഴപ്പമുണ്ടാക്കുന്നു. ഈ സാഹചര്യം ഒഴിവാക്കാനായി ബാങ്കുകളുമായി ആർ. ബി. ഐ. കൂടിയാലോചനകൾ ആരംഭിച്ചു കഴിഞ്ഞു. വ്യക്തിഗത വായ്പകൾക്ക് ബാധകമായ ചാർജുകൾ ചുരുക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

പുതിയ പരിഷ്കാരം ലക്ഷ്യമിടുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്:

ഒരേ മാതൃക: എല്ലാ ബാങ്കിങ് സ്ഥാപനങ്ങളിലും സർവീസ് ചാർജുകൾ വ്യക്തമാക്കുന്നതിന് ഒരേപോലെയുള്ള മാതൃക നിർബന്ധമാക്കും.

വായ്പാ ചാർജുകൾ വിശദമാക്കും: വായ്പകൾക്ക് ഈടാക്കുന്ന പ്രോസസ്സിങ് ഫീസുകൾ വ്യക്തമായി വേർതിരിച്ച് രേഖപ്പെടുത്തണം. വായ്പാ അപേക്ഷ സമർപ്പിക്കുന്നത് മുതൽ അത് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതു വരെയുള്ള എല്ലാ ഫീസുകളുടെയും വിശദാംശങ്ങൾ ഉപഭോക്താവിനെ അറിയിക്കണം.

ഇരട്ട ചാർജുകൾ ഒഴിവാക്കും: ഒരേ സേവനത്തിന് ഒന്നിലധികം തവണ ഈടാക്കുന്ന 'ഓവർലാപ്പിങ്' ചാർജുകൾ ഒഴിവാക്കും.

ഏകീകൃത സേവനങ്ങൾ: ഉപഭോക്താവിന്റെ ഹോം ബ്രാഞ്ചിലുൾപ്പെടെ എല്ലാ ശാഖകളിലും ഒരേപോലെ നൽകാൻ കഴിയുന്ന സേവനങ്ങളുടെ പട്ടിക ബാങ്കുകൾ തയ്യാറാക്കണം.

## രാജ്യാതിർത്തിക്കപ്പുറത്തെ സമുദ്രജൈവവൈവിധ്യ സംരക്ഷണം: പുറംകടൽ (ഹൈ സീസ്) ഉടമ്പടി ജനുവരി 17ന് നിലവിൽ വരും

### ദേശീയതലത്തിൽ ചട്ടക്കൂട് തയ്യാറാക്കാനൊരുങ്ങി ഇന്ത്യ

കൊച്ചി: ഐക്യരാഷ്ട്രസഭയുടെ സമുദ്ര നിയമ ഉടമ്പടി പ്രകാരം, രാജ്യങ്ങളുടെ അധികാരപരിധിക്ക് പുറത്തുള്ള സമുദ്രങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര വിനിയോഗവും ലക്ഷ്യമിട്ടുള്ള ബി.ബി.എൻ.ജെ കരാർ അഥവാ പുറംകടൽ (ഹൈ സീസ്) ഉടമ്പടി അടുത്ത വർഷം ജനുവരി 17ന് നിലവിൽ വരും. കരാർ ഔദ്യോഗികമായി നടപ്പിലാക്കുന്നതിന് മുന്നോടിയായി ദേശീയതലത്തിൽ ചട്ടക്കൂട് രൂപീകരിക്കാനുള്ള ശ്രമങ്ങൾക്ക് ഇന്ത്യ തുടക്കമിട്ടു. ഇതുസംബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ചർച്ചയിൽ നയരൂപീകരണ വിദഗ്ധർ, നിയമവിദഗ്ധർ, ശാസ്ത്രജ്ഞർ, മത്സ്യമേഖലയിലെയും മാരിടൈം വ്യവസായ മേഖലയിലെയും പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. രാജ്യാതിർത്തി കഴിഞ്ഞുള്ള പുറംകടലിലെ സമുദ്രജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള അന്തർദേശീയ ഉടമ്പടിയിൽ ഇന്ത്യ ഉൾപ്പെടെ ഇതുവരെ 145 രാജ്യങ്ങൾ ഒപ്പുവെച്ചിട്ടുണ്ട്. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം, സി.എം.എഫ്.ആർ.ഐ, സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ചർച്ച സംഘടിപ്പിച്ചത്. കാലാവസ്ഥാ വ്യതിയാനം, അമിതമത്സ്യബന്ധനം, മലിനീകരണം എന്നിവ സമുദ്ര പരിസ്ഥിതിക്ക് വലിയ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഈ കരാറിന് അതീവപ്രാധാന്യമുണ്ടെന്ന് വിദഗ്ധർ പറഞ്ഞു. മുതിർന്ന അഭിഭാഷകൻ സഞ്ജയ് ഉപാധ്യായ ഉദ്ഘാടനം ചെയ്തു. രാജ്യങ്ങളുടെ അതിർത്തിക്ക് പുറത്തുള്ള സമുദ്ര സംരക്ഷണത്തിൽ നിലനിൽക്കുന്ന ഭരണപരമായ വിടവുകൾ നികത്താൻ ഈ ഉടമ്പടി സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സമുദ്ര വിഭവങ്ങളുടെ ഉടമസ്ഥാവകാശവും പാരിസ്ഥിതിക ഉത്തരവാദിത്തവും സംബന്ധിച്ച സങ്കീർണ്ണതകൾ പരിഹരിക്കാനാണ് ഇന്ത്യ ദേശീയചട്ടക്കൂട് തയ്യാറാക്കുന്നത്. സമുദ്ര ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ഇന്ത്യ മുന്നിലാണ്. ശാസ്ത്രത്തെയും ഭരണനയങ്ങളെയും നിയമത്തെയും ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതാണ് 'ഹൈ സീസ്' ഉടമ്പടി. ഇന്ത്യ പ്രധാനമായും തീരദേശ-ചെറുകിട മത്സ്യബന്ധനത്തെയാണ് ആശ്രയിക്കുന്നതെങ്കിലും പുറംകടലിൽ വൻതോതിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യബന്ധനം ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിലെ മത്സ്യലഭ്യതയെ സ്വാധീനിക്കുന്നുണ്ട്-യോഗം വിലയിരുത്തി. ഡോ പി കൃഷ്ണൻ, ഡോ ഗ്രിൻസൺ ജോർജ്, ഡോ ജോർജ് നൈനാൻ, ഡോ കെ ആർ ശ്രീനാഥ്, റിസ്സ സാക്ര ഡെജൂകോസ്, പ്രിയ തായ്ഡെ, പി കെ ശ്രീവാസ്തവ എന്നിവർ പ്രസംഗിച്ചു.




ഹൈ സീസ് ഉടമ്പടിയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയിൽ നടന്ന ചർച്ച മുതിർന്ന അഭിഭാഷകൻ സഞ്ജയ് ഉപാധ്യായ ഉദ്ഘാടനം ചെയ്യുന്നു.



# അനധികൃത ഈട്ടിമുറി: ഒരാഴ്ചയ്ക്കകം പിഴയീടാക്കാൻ കളക്ടറുടെ നിർദേശം

കൽപ്പറ്റ: അനധികൃത ഈട്ടിമുറി കേസിൽ ഒരാഴ്ചയ്ക്കകം പിഴയീടാക്കാൻ കളക്ടറുടെ നിർദേശം. വയനാട്ടിലെ തൃക്കൈപ്പറ്റ വില്ലേജിൽപ്പെട്ട നത്തംകുനിയിൽ ബ്ലോക്ക് നമ്പർ 29ൽ 591/1 സർവേ നമ്പറിലൽപ്പെട്ട 0.1821 ഹെക്ടർ റവന്യു പട്ടയ ഭൂമിയിൽനിന്ന് അനധിതൃതമായി ഈട്ടി മുറിച്ചെന്നാണ് കേസ്.

കേരള ലാൻഡ് കൺസർവൻസി(കെഎൽസി) നിയമപ്രകാരം ചുമത്തിയ 37,27,416 രൂപ പിഴ ഭൂവുടമയിൽനിന്നു ഒരാഴ്ചയ്ക്കകം ഈടാക്കാൻ വൈത്തിരി തഹദിൽദാർക്കാണ് ജില്ലാ കളക്ടർ ഡി. ആർ. മേഘശ്രീ നിർദേശം നൽകിയിരിക്കുന്നത്.

മേപ്പാടി കോട്ടപ്പിടിയിലെ പോത്തംമ്പാടം മുരളീധരൻ അഡ്വ. പി. ടി. രാജേഷ് മുഖേന അയച്ച വക്കീൽ നോട്ടീസിന്റെ പശ്ചാത്തലത്തിലാണ് കളക്ടറുടെ നടപടി. 15 ദിവസത്തിനകം പിഴ ഈടാക്കുന്നില്ലെങ്കിൽ ഹൈക്കോടതിയെ സമീപിക്കുമെന്നു ചൂണ്ടിക്കാട്ടിയാണ് മുരളീധരൻ ജില്ലാ കളക്ടർക്ക് നോട്ടീസയച്ചത്. വിഷയത്തിൽ ഹൈക്കോടതിയെ സമീപിക്കേണ്ട സാഹ്യചര്യമുണ്ടായാൽ ചെലവുകൾക്ക് കളക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്നു വക്കീൽ നോട്ടീസിൽ പറഞ്ഞിരുന്നു.

ഭൂവുടമ കോഴിക്കോട് കൊയിലാണ്ടി കാരക്കാട് അരീക്കര സുഹറയ്ക്കു ചുമത്തിയ പിഴ സർക്കാരിലേക്ക് അടയ്ക്കുന്നതിലാണ് റവന്യു അധികൃതർ വീഴ്ച വരുത്തിയത്. സുഹറയുടെ കൈവശമുള്ള ഭൂമിയിൽനിന്നു 2020 ഡിസംബറിലാണ് 500 ലധികം വർഷം പഴക്കമുള്ള ഈട്ടി നിയമവിരുദ്ധമായി മുറിച്ചത്.

മുട്ടിൽ മരംമുറിയിലേക്കു നയിച്ച കേസ്

റവന്യു പട്ടയഭൂമിയിലെ അനധികൃത ഈട്ടി മുറിയുമായി ബന്ധപ്പെട്ട് കെഎൽസി നിയമപ്രകാരം ജില്ലയിൽ ആദ്യം രജിസ്റ്റർ ചെയ്തതാണ് സുഹറയ്ക്കെതിരായ കേസ്. നത്തംകുനിയിലെ അനധികൃത ഈട്ടിമുറി വിവാദമായതിനെത്തുടർന്നാണ് മുട്ടിൽ സൗത്ത് വില്ലേജിലെ അനധികൃത ഈട്ടിമുറി പുറത്തുവന്നത്

നത്തംകുനിയിലെ മരംമുറിയെക്കുറിച്ച വിവരം ലഭിച്ച തൃക്കൈപ്പറ്റ വില്ലേജ് ഓഫീസർ 2020 ഡിസംബർ 31ന് സ്ഥലത്തെത്തി പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സുഹറയുടെ ഭർത്താവ് ഷെരീഫിന്റെ നേതൃത്വത്തിൽ മരംമുറി തുടരുകയായിരുന്നു.

ഇതേത്തുടർന്ന് 2021ജനുവരി 11നാണ് കെഎൽസി നിയമപ്രകാരം ഭൂവുടയ്മക്കെതിരേ കേസെടുത്തത്. ജനുവരി 17ന് തടികൾ റവന്യു അധികാരികൾ കസ്റ്റഡിയിലെടുത്തു. മരം മുറിയുമായി ബന്ധപ്പെട്ട് വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ ഒആർ 3/2021 നമ്പറായി വനം വകുപ്പ് കേസെടുത്തിരുന്നു. പൊതുമുതൽ നശിപ്പിച്ചതിന് മേപ്പാടി പൊലീസ് 296/2021 നമ്പറായി കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുറിച്ച ഈട്ടിക്ക് വനം വകുപ്പ് 12,42,472 രൂപ വില കണക്കാക്കിയിരുന്നു. കെഎൽസി നിയമപ്രകാരം ഇതിന്റെ മൂന്നിരട്ടിയാണ് പിഴ നിശ്ചയിച്ചത്.

റവന്യു പട്ടയ ഭൂമിയിലെ വൃക്ഷവില അടച്ചതും സ്വയം കിളിർത്തതും നട്ടുവളർത്തിയതുമായ മരങ്ങളിൽ ചന്ദനം ഒഴികെയുള്ളവ മുറിച്ചെടുക്കുന്നതിനു കൈവശക്കാരെ അനുവദിച്ച് റവന്യു പ്രിൻസിപ്പൽ സെക്രട്ടറി 2020 ഒക്ടോബർ 24നു ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരം അനുമതിയുണ്ടെന്ന് മനസിലാക്കിയാണ് മരം മുറിച്ചതെന്നും ബോധപൂർവം സർക്കാരിന് നഷ്ടം വരുത്തിയതല്ലെന്നും കെഎൽസി നിയമപ്രകാരം നടപടി സ്വീകരിക്കരുതെന്നും ഭൂവുടമ 2021 ജൂൺ 29ന് വൈത്തിരി തഹസിൽദാർക്ക് സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നു.

2020 ഒക്ടോബർ 24ലെ ഉത്തരവിന്റെ മറവിലാണ് വയനാട്ടിലടക്കം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റവന്യു പട്ടയഭൂമികളിൽ അനധികൃത ഈട്ടി, തേക്ക് മുറി നടന്നത്. 1964ലെ കേരള ഭൂപതിവ് ചട്ടമനുസരിച്ച് കൈവശക്കാർക്കു പട്ടയം ലഭിച്ച സ്ഥലങ്ങളാണ് റവന്യു പട്ടയ ഭൂമിയെന്ന് അറിയപ്പെടുന്നത്.

മുട്ടിൽ സൗത്ത് വില്ലേജിൽ പട്ടികവർഗക്കാരും ചെറുകിട കർഷകരുമടക്കം 65 പേരുടെ പട്ടയ ഭൂമികളിലാണ് ഈട്ടിമുറി നടന്നത്. ആകെ 104 കുറ്റി ഈട്ടിയാണ് മുറിച്ചത്. ഈ മരങ്ങളിൽ കുറെ

എണ്ണത്തിനു 300 മുതൽ 500ൽ അധികം വരെ വർഷം പഴക്കമാണ് തൃശൂർ പീച്ചിയിലെ വനം ഗവേഷണ കേന്ദ്രത്തിൽ നടത്തിയ ഡിഎൻഎ പരിശോധനയിൽ സ്ഥിരീകരിച്ചത്.

# കനത്ത മൂടൽമഞ്ഞ്: ഡൽഹി-മുംബൈ എക്സ്പ്രസ് വേയിൽ വാഹനങ്ങളുടെ കൂട്ടയിടി; നാലുപേർ മരിച്ചു

മുംബൈ: ഡൽഹി-മുംബൈ എക്സ്പ്രസ് വേയിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്ന് നിരവധി വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നാലു പേർ മരിച്ചു.

പുലർച്ചെ അഞ്ചിനുണ്ടായ അപകടത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ നാല് പേരാണ് മരിച്ചത്. 15 മുതൽ 20 വരെ പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തുവെന്ന് പോലീസ് അറിയിച്ചു. കനത്ത മൂടൽമഞ്ഞിനെ തുടർന്ന് കാഴ്ച മറഞ്ഞ് രണ്ട് ഡമ്പർ ട്രക്കുകൾ ആദ്യം കൂട്ടിയിടിക്കുകയായിരുന്നു. തൊട്ടുപിന്നാലെ എത്തിയ പേരയ്ക്കാ നിറച്ച ട്രക്കും ഈ വാഹനങ്ങളിൽ ഇടിച്ചു.

ഈ ട്രക്കിൽ നിന്നും പുറത്തുപോയ പേരയ്ക്കകൾ റോഡിൽ വഴുക്കൽ സൃഷ്ടിച്ചു. ഇതോടെ മറ്റ് വാഹനങ്ങളുടെ ബ്രേക്ക് നഷ്ടപ്പെടുകയും ഒന്നിലധികം അപകടങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 20 മുതൽ 25 വരെ വാഹനങ്ങൾ അപകടത്തിൽപ്പെട്ടുവെന്ന് പോലീസ് അറിയിച്ചു.

പോലീസ്, ആംബുലൻസ്, രക്ഷാപ്രവർത്തകർ എന്നിവരെ ഉടൻ തന്നെ സ്ഥലത്ത് എത്തി രക്ഷാപ്രവർത്തനം നടത്തി. പരിക്കേറ്റവരെ ചികിത്സയ്ക്കായി സമീപത്തെ ആശുപത്രികളിലേക്ക് മാറ്റി. അപകടത്തിൽപ്പെട്ട നിരവധി പേരുടെ നില ഗുരുതരമാണെന്ന് റിപ്പോർട്ട്. മരിച്ചവരുടെ മൃതദേഹങ്ങൾ പോലീസ് പോസ്റ്റ്മോർട്ടത്തിനായി അയച്ചു.

# മോദിയുടെ പുസ്തകം വായിച്ച് ആകൃഷ്ടനായി; സിപിഎം പഞ്ചായത്ത് പ്രസിഡൻറ് ബിജെപിയിൽ

പാലക്കാട്: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പുസ്തകം വായിച്ച് ആകൃഷ്ടനായി സിപിഎം നേതാവും പൊൽപുള്ളി പഞ്ചായത്ത് പ്രസിഡൻറുമായ ബാലഗംഗാധരൻ ബിജെപിയിൽ ചേർന്നു. 20 വർഷം സിപിഎം ബ്രാഞ്ച് കമ്മിറ്റി അംഗമായിരുന്ന ബാലഗംഗാധരൻ നിലവിൽ പൊൽപുള്ളി പഞ്ചായത്ത് പ്രസിഡൻറാണ്. പാർട്ടി വ്യക്തിയധിഷ്ടിതമായതിനാലാണ് സിപിഎം വിട്ടതെന്ന് ബാലഗംഗാധരൻ പറഞ്ഞു. പാർട്ടി തന്നെ പലപ്പോഴും മാറ്റിനിർത്തി. സത്യം പറഞ്ഞതിനാണ് മാറ്റിനിർത്തിയതെന്നും ബാലഗംഗാധരൻ പറഞ്ഞു.

ബാലഗംഗാധരനെ ജില്ലാ പ്രസിഡൻറ് പ്രശാന്ത് ശിവൻ ബിജെപിയിലേക്ക് സ്വീകരിച്ചു. ബാലഗംഗാധരന്റെ പാർട്ടി മാറ്റത്തെക്കുറിച്ച് സിപിഎം ഇതുവരെ പ്രതികരിച്ചിട്ടില്ല.

# സഹോദരനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയെ യുവാവ് വെട്ടിക്കൊന്നു

കോൽക്കത്ത: സഹോദരനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയെ യുവാവ് വെട്ടിക്കൊന്നു. പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലയിലെ ഫറാക്ക പോലീസ് സ്റ്റേഷന് കീഴിലുള്ള നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (എൻടിപിസി) ലിമിറ്റഡിന്റെ കെൻഡുവ ആഷ് പോണ്ടിൽ ഞായറാഴ്ച അർധരാത്രിയോടെയാണ് സംഭവം.

ആഷ് പോണ്ടിൽ രാത്രി കാവൽക്കാരനായി ജോലി ചെയ്തിരുന്ന ആലം ഷെയ്ഖ്(48) ആണ് കൊല്ലപ്പെട്ടത്. കേസിലെ പ്രതി പന്ന ഷെയ്ഖ് ആണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. മൂർച്ചയേറിയ ആയുധം കൊണ്ടാണ് പന്ന ഷെയ്ഖ്, ആലം ഷെയ്ഖിനെ കൊലപ്പെടുത്തിയത്. പ്രതിയെ പോലീസ് പിടികൂടിയില്ല.

2015ൽ ജോറാപുകുരിയ ഗ്രാമത്തിൽ തർക്കത്തെ തുടർന്ന് കൊലപാതകം നടന്നിരുന്നു. പന്ന ഷെയ്ഖിന്റെ സഹോദരൻ തൗഫീഖ് ഷെയ്ക്കിനെ ആലം ഷെയ്ഖും ഒരുസംഘമാളുകളും വീട്ടിൽ നിന്നും വിളിച്ചിറക്കി തല്ലിക്കൊല്ലുകയായിരുന്നു.

സംഭവത്തിൽ ഫറാക്ക പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ആലം ഷെയ്ക്കിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. ദീർഘകാലം ജയിലിൽ കഴിഞ്ഞ ആലം ഷെയ്ഖ് പിന്നീട് ജാമ്യത്തിൽ പുറത്തിറങ്ങി.

തൗഫീഖ് ഷെയ്ഖിന്റെ കൊലപാതകത്തിന് ശേഷം, അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ പന്ന ഷെയ്ക്ക് ഗ്രാമം വിട്ടുപോയിരുന്നു. വർഷങ്ങളോളം ഒളിവിൽ കഴിഞ്ഞ ശേഷം ഏതാനും മാസങ്ങൾക്ക് മുമ്പ് അദ്ദേഹം ജോറാപുകുരിയയിലേക്ക് മടങ്ങിയെത്തി.

ഞായറാഴ്ച രാത്രി ആലം ഷെയ്ഖ് തന്റെ ജോലി സ്ഥലത്തേക്ക് പോകുമ്പോൾ, പന്ന ഷെയ്ഖും മറ്റ് ചിലരും അദ്ദേഹത്തെ തടഞ്ഞുനിർത്തി വെട്ടിക്കൊലപ്പെടുത്തിയ ശേഷം ഓടി രക്ഷപ്പെട്ടു. ആലം ഷെയ്ഖ് സംഭവസ്ഥലത്ത് തന്നെ മരിച്ചു. പിന്നീട് പോലീസ് മൃതദേഹം കണ്ടെടുത്ത് പോസ്റ്റ്മോർട്ടത്തിനായി ജംഗിപൂർ സബ് ഡിവിഷണൽ ആശുപത്രിയിലേക്ക് അയച്ചു. പന്ന ഷെയ്ഖ് ഗ്രാമത്തിലേക്ക് മടങ്ങിയതിനുശേഷം കുടുംബത്തിന് ആശങ്ക ഉണ്ടായിരുന്നുവെന്ന് ആലം ഷെയ്ഖിന്റെ മൂത്ത സഹോദരനും തൃണമൂൽ കോൺഗ്രസിന്റെ പ്രാദേശിക നേതാവുമായ നബി ഷെയ്ഖ് പറഞ്ഞു.

'അവൻ തിരിച്ചെത്തിയതിനുശേഷം കുഴപ്പമുണ്ടാകുമെന്ന് ഞങ്ങൾ ഭയപ്പെട്ടു, പക്ഷേ അവൻ എന്റെ സഹോദരനെ ക്രൂരമായി കൊലപ്പെടുത്തുമെന്ന് ഞങ്ങൾ ഒരിക്കലും കരുതിയിരുന്നില്ല'. നബി ഷെയ്ഖ് പ്രതികരിച്ചു. കൊലപാതകത്തെത്തുടർന്ന് പ്രദേശത്ത് സംഘർഷാവസ്ഥ നിലനിന്നിരുന്നു. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുകയും സുരക്ഷ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

# ലേബർ കോൺക്ലേവ് 19 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

രാജ്യത്ത് നിലനിന്ന ഇരുപത്തിയൊമ്പത് തൊഴിൽ നിയമങ്ങളെ 4 തൊഴിൽ കോഡുകളാക്കി മാറ്റി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പരിഷ്കാരത്തിനെതിരേ തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും താൽപ്പര്യം സംരക്ഷിക്കുന്ന ബദൽ നയം രൂപീകരിക്കാനായി 'ലേബർ കോൺക്ലേവ് 2025' സംഘടിപ്പിക്കുന്നു. ഡിസംബർ 19 രാവിലെ 10 ന് തിരുവനന്തപുരം തൈക്കാട് ലെമൺ ട്രീ പ്രീമിയറിൽ മുഖ്യമന്ത്രി പിണറായി വിജയൻ ലേബർ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുന്ന തൊഴിൽ നിയമങ്ങൾക്കെതിരായ യോജിച്ച പോരാട്ടത്തിന്റെ ഭാഗമായി ഇതര സംസ്ഥാനങ്ങളിലെ തൊഴിൽ മന്ത്രിമാരും കോൺക്ലേവിൽ പങ്കെടുക്കുമെന്ന് സെക്രട്ടേറിയറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ തൊഴിൽ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

പഞ്ചാബ് തൊഴിൽ വകുപ്പ് മന്ത്രി തരുൺ പ്രീത് സിംഗ്, തമിഴ്നാട് തൊഴിൽ വകുപ്പ് മന്ത്രി സി.വി. ഗണേശൻ, ത്സാർഖണ്ഡ് തൊഴിൽ വകുപ്പ് മന്ത്രി സഞ്ജയ് പ്രസാദ് യാദവ്, തെലങ്കാന മന്ത്രി വിവേക് വെങ്കട്ടസ്വാമി എന്നിവരെ കൂടാതെ സംസ്ഥാന മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, പി. രാജീവ് എന്നിവരും പങ്കെടുക്കും. സുപ്രീം കോടതി മുൻ ജഡ്ജിമാർ, അഡ്വക്കറ്റ് ജനറൽ, ദേശീയ-സംസ്ഥാന ട്രേഡ് യൂണിയൻ നേതാക്കൾ, നിയമ-അക്കാദമിക് വിദഗ്ധർ എന്നിവർ പങ്കെടുക്കുന്ന രണ്ട് പ്രധാന ടെക്നിക്കൽ സെഷനുകൾ കോൺക്ലേവിന്റെ ഭാഗമായി നടക്കും.

ലേബർ കോഡുകളുടെ പ്രത്യാഘാതങ്ങൾ എന്ന വിഷയത്തിൽ നടക്കുന്ന ആദ്യ സെഷനിൽ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് അദ്ധ്യക്ഷനാകും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ഗോപാല ഗൗഡ മുഖ്യപ്രഭാഷണം നടത്തും. കേരളത്തിന്റെ തൊഴിൽ നയത്തിന്റെ പശ്ചാത്തലത്തിൽ ലേബർ കോഡുകളെ നേരിടാനുള്ള ബദൽ തന്ത്രങ്ങൾ എന്ന വിഷയത്തിലെ രണ്ടാമത്തെ സെഷനിൽ എളമരം കരീം അദ്ധ്യക്ഷനാകും. പ്രൊഫ. ശ്യാം സുന്ദർ മുഖ്യപ്രഭാഷണം നടത്തും. സി.ഐ.ടി.യു ജനറൽ സെക്രട്ടറി തപൻ സെൻ, എ.ഐ.ടി.യു.സി ജനറൽ സെക്രട്ടറി അമർജിത്ത് കൗർ തുടങ്ങിയ ദേശീയ നേതാക്കൾ ചർച്ചകളിൽ പങ്കുചേരും. കോൺക്ലേവിന്റെ സമാപനത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നയപ്രഖ്യാപനം നടത്തും.

തൊഴിലാളി വിരുദ്ധമായ കോഡുകൾക്കെതിരെ കേരളം ഉയർത്തുന്ന ഈ പ്രതിരോധം രാജ്യത്തിന് മാതൃകയാകും. നയപ്രഖ്യാപനത്തിന്റെ ആശയം ഉൾക്കൊള്ളുന്ന ആവശ്യങ്ങൾ അടങ്ങിയ കത്തുമായി ലേബർ കോഡുകളെ എതിർക്കുന്ന വിവിധ കേന്ദ്ര തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി കേന്ദ്ര തൊഴിൽ മന്ത്രിയെ കാണുമെന്നും മന്ത്രി വ്യക്തമാക്കി.

## കാറിൽ കടത്തിയ 45 കിലോ ചന്ദനവുമായി രണ്ടു പേർ പിടിയിൽ

തിരുവനന്തപുരം: കാറിൽ കടത്തിയ 45 കിലോ ചന്ദനവുമായി രണ്ടു പേർ പിടിയിൽ. കിളിമാനൂർ തൊളിക്കുഴിയിലാണ് സംഭവം. ഇട്ടിവ മണൽവെട്ടം കോഴിയോട് കളിയിലിൽ വീട്ടിൽ നവാസ് (45), ചിറയിൻകീഴ് മുദാക്കൽ ഊരുപൊയ്ക പ്രമീളാലയത്തിൽ പ്രമോദ് (50) എന്നിവരാണ് പിടിയിലായത്. ചന്ദനം കടത്താൻ ഇവർ ഉപയോഗിച്ച ഓൾട്ടോ കാറും കസ്റ്റഡിയിലെടുത്തു.

ചാക്കിൽ ചെറിയ കഷണങ്ങളായി മുറിച്ച നിലയിലായിരുന്നു ചന്ദനത്തടി കണ്ടെത്തിയത്. ചന്ദനം പ്രമോദിന് വിറ്റ പെരിങ്ങാവ് സ്വദേശി നജാം, ഇടനിലക്കാരനായ കാഞ്ഞിരത്തുംമൂട് സ്വദേശി വിഷ്ണു എന്നിവർ ഒളിവിലാണ്. നജാമിന്റെ ഉടമസ്ഥതയിലുള്ള കോഴി ഫാമിൽ രണ്ടു ചാക്കുകളിലാക്കി കഴിഞ്ഞ ഒരു മാസമായി സൂക്ഷിച്ചിരുന്ന ചന്ദനം കാറിൽ കയറ്റി കടത്താൻ ശ്രമിക്കുന്നതിനിടെയാണ് കഴിഞ്ഞ ദിവസം വനം വകുപ്പ് നടത്തിയ പരിശോധനയിൽ ഇവർ പിടിയിലായത്.

## ബിജെപി മുഖ്യ ശത്രു; ജനവിധി അട്ടിമറിക്കാൻ കോൺഗ്രസില്ല: രമേശ് ചെന്നിത്തല

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് ലഭിച്ചത് ചരിത്ര വിജയമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. തെരഞ്ഞെടുപ്പിൽ ശബരിമല പ്രധാന ചർച്ചാവിഷയം തന്നെയായിരുന്നു. പിഎം ശ്രീ ഒപ്പിടൽ, ലേബർ കോഡ് ഒപ്പിടൽ ഇതൊക്കെ തെരഞ്ഞെടുപ്പിൽ ചർച്ചയായി. നരേന്ദ്ര മോദിയെയോ അമിത് ഷായെയോ വിമർശിക്കാത്ത മുഖ്യമന്ത്രിയുടെ നടപടിയും ചർച്ചയായി. ജനവിധിയെ അട്ടിമറിക്കാനുള്ള നടപടി ഉണ്ടാകില്ല. ബിജെപിയെ അകറ്റിനിർത്താൻ സിപിമ്മുമായി ധാരണ ഒന്നും ആലോചിക്കുന്നില്ല. ബിജെപി മുഖ്യ ശത്രു തന്നെയാണെന്നും എന്നാൽ ജനവിധി അട്ടിമറിക്കാൻ കോൺഗ്രസില്ലെന്നും അദ്ദേഹം പറഞ്ഞു. മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ പാർട്ടി ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് അദേഹം കൂട്ടിച്ചേർത്തു.

## പ്രമാണ പരിശോധന

2025 ജൂൺ മാസത്തിലെ കെ-ടെറ്റ് വിജ്ഞാപന പ്രകാരം പരീക്ഷ എഴുതി വിജയിച്ചവരുടെ അസൽ പ്രമാണ പരിശോധന ഡിസംബർ 16 മുതൽ വ്യവസ്ഥകൾക്ക് വിധേയമായി പരീക്ഷയെഴുതിയ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നടക്കും. വിശദവിവരങ്ങൾക്ക്: https://ktet.kerala.gov.in

# തദ്ദേശ തിരഞ്ഞെടുപ്പ്: ചെലവ് കണക്ക് സമർപ്പിക്കണം

തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ ചെലവ് കണക്കുകൾ 2026 ജനുവരി 12ന് മുൻപ് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദ്ദേശിച്ചു. മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകമാണ് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് ഓൺലൈനായി ചെലവ് കണക്ക് നൽകേണ്ടത്.

സ്ഥാനാർത്ഥികൾ കമ്മീഷൻ വെബ് സൈറ്റിൽ (ംംം.ലെര.സലൃമഹമ.ഴീ.ശി) ലെ ഇലക്ഷൻ എക്സ്പെൻഡിച്ചർ മോഡ്യൂളിൽ ലോഗിൻ ചെയ്തു വേണം ഓൺലൈനായി സമർപ്പിക്കേണ്ടത്. ഓൺലൈനായി സമർപ്പിക്കാൻ കഴിയത്താവർക്ക് ബില്ല്, രസീത്, വൗച്ചർ എന്നിവ ഉൾപ്പെടെയുള്ള ചെലവ് കണക്ക് വിവരം നേരിട്ടും സമർപ്പിക്കാം.

സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ദിവസം മുതൽ ഫലപ്രഖ്യാപന ദിവസം വരെയുള്ള ചെലവ് കണക്കാണ് നൽകേണ്ടത്. സ്ഥാനാർത്ഥിയോ തിരഞ്ഞെടുപ്പ് ഏജന്റോ ചെലവാക്കിയ തുക കണക്കിൽപ്പെടുത്തണം. കണക്കിനൊപ്പം രസീത്, വൗച്ചർ, ബില്ല് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കണം. ഇവയുടെ ഒറിജിനൽ സ്ഥാനാർത്ഥി സൂക്ഷിക്കുകയും ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്കായി ഹാജരാക്കണം.

തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ കമ്മീഷൻ അഞ്ച് വർഷത്തേക്ക് തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യനാക്കും. ഉത്തരവ് തീയതി മുതൽ അഞ്ച് വർഷത്തേക്കാണ് അയോഗ്യത. നിശ്ചിത പരിധിയിൽ കൂടുതൽ തുക ചെലവാക്കിയാലും തെറ്റായ വിവരം നൽകിയെന്ന് ബോധ്യപ്പെട്ടാലും കമ്മീഷൻ അവരെ അയോഗ്യരാക്കും.

തദ്ദേശ തിരഞ്ഞെടുപ്പ് ചെലവിനത്തിൽ ഒരു സ്ഥാനാർത്ഥി/ തിരഞ്ഞെടുപ്പ് ഏജന്റിന് ഗ്രാമപഞ്ചായത്തിൽ 25,000 രൂപയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയിൽ 75,000 രൂപ വീതവും കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകളിൽ 1,50,000 രൂപയുമാണ് പരമാവധി വിനിയോഗിക്കാവുന്ന തുക.

# തിരഞ്ഞെടുപ്പ് സുതാര്യവും നിഷ്പക്ഷവും സമാധാനപരവുമായി നടത്താൻ കഴിഞ്ഞു; ഏവർക്കും നന്ദി - തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് സുതാരവ്യം നിഷ്പക്ഷവും സമാധാനപരവുമായി നടത്താൻ സഹകരിച്ച എല്ലാവർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നന്ദി അറിയിച്ചു. ഏകദേശം ഒന്നര വർഷം മുൻപ് ആരംഭിച്ച വാർഡ് പുനർവിഭജനവും, രണ്ടുഘട്ടമായി നടത്തിയ വോട്ടെടുപ്പും, വോട്ടെണ്ണലും ഉൾപ്പെടെയുള്ള സമഗ്രമായ തിരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യവും സുഗമവും പ്രശ്നരഹിതവുമായി പൂർത്തിയാക്കാനായി. സമാധാനപരമായ രീതിയിൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കാൻ സഹകരിച്ച മുഴുവൻ സമ്മതിദായകർക്കും, സ്ഥാനാർത്ഥികൾക്കും, രാഷ്ട്രീയ പാർട്ടികൾക്കും, പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും മാധ്യമപ്രവർത്തകർക്കും കമ്മീഷണർ നന്ദി അറിയിച്ചു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളുടെയും ജില്ലാ ഭരണകൂടങ്ങളുടേയും തദ്ദേശസ്ഥാപന ഭരണ സംവിധാനങ്ങളുടേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് കൃത്യമായ ഏകോപനത്തോടെ തദ്ദേശതിരഞ്ഞെടുപ്പ് പൂർത്തിയാക്കാനായത്. മാതൃകാ പെരുമാറ്റച്ചട്ടം, ഹരിതചട്ടം, ക്രമസമാധാനം എന്നിവ പാലിച്ച് തിരഞ്ഞെടുപ്പ് സമാധാനപരമായി നടത്താൻ കഴിഞ്ഞു. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം പ്രവർത്തിച്ച തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, വരണാധികാരികൾ, പോളിംഗ് ഓഫീസർമാർ, നിരീക്ഷകർ, മാധ്യമപ്രവർത്തകർ തുടങ്ങിയ എല്ലാവരുടേയും സഹകരണം ഓരോ നടപടികളിലും പ്രകടമായിരുന്നു. കൂടാതെ പോലീസ്, എക്സൈസ്, വനം, മോട്ടോർ വാഹനം തുടങ്ങിയ വകുപ്പുകൾക്കും കെ.എസ്.ഇ.ബി, വാട്ടർ അതേറിറ്റി, ഗ്രാമലക്ഷ്മിമുദ്രാലയം, സി-ആപ്റ്റ്, കെ.ബി.പി.എസ്, തുടങ്ങിയ സ്ഥാപനങ്ങൾക്കും സാങ്കേതിക സഹായം നൽകിയ എൻ.ഐ.സി, ഐകെഎം, ബിഎസ്എൻഎൽ, കെൽട്രോൺ, ഐടി മിഷൻ എന്നീ സ്ഥാപനങ്ങൾക്കും ബാലറ്റ് പേപ്പർ ഉൾപ്പെടെയുള്ളവയുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കിയ സർക്കാർ പ്രസ്സുകൾക്കും കമ്മീഷണർ നന്ദി അറിയിച്ചു.

## കോഴിക്കോട്ട് ആളൊഴിഞ്ഞ പറമ്പിൽ നിന്നും അസ്ഥികൂടം കണ്ടെത്തി

കോഴിക്കോട്: കുന്ദമംഗലത്ത് ആളൊഴിഞ്ഞ പറമ്പിൽ നിന്നും അസ്ഥികൂടം കണ്ടെത്തി. കുന്ദമംഗലം മടവൂർ രാംപൊയിൽ വെള്ളാരം കണ്ടിമലയിലാണ് സംഭവം. കുന്ദമംഗലം പോലീസ് സ്ഥലത്തെത്തി പരിശോധനകൾ നടത്തി. ഉച്ചയ്ക്ക് 12 ഓടെ കാടുവെട്ടുന്ന ആളാണ് അസ്ഥികൂടം കണ്ടത്തിയത്. ഇതിന് സമീപത്ത് നിന്നും ഒരു ബാഗും പോലീസ് കണ്ടെത്തിയിട്ടുണ്ട്. നാല് മാസം മുമ്പ് കാണാതായ നരിക്കുനി സ്വദേശിയുടേതാണ് അസ്ഥികൂടം എന്നാണ് പോലീസ് സംശയിക്കുന്നത്.

## ഇടതുപക്ഷത്തെ അതൃപ്തർക്ക് യുഡിഎഫിലേക്ക് സ്വാഗതം: പി. കെ. കുഞ്ഞാലിക്കുട്ടി

കോഴിക്കോട്: തദ്ദേശ തെരഞ്ഞെടുപ്പിലെ മികച്ച വിജയത്തിനു പിന്നാലെ യുഡിഎഫ് വിപുലീകരിക്കാനുള്ള നീക്കം ആരംഭിച്ചു. ഇടതുപക്ഷത്തെ അതൃപ്തരെ യുഡിഎഫിലേക്ക് സ്വാഗതം ചെയ്യുകയാണെന്ന് മുസ്‌ലീം ലീഗ് ദേശീയ സെക്രട്ടറി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

അതൃപ്തരായ നിരവധി പേർ എൽഡിഎഫിലുണ്ട്. ആശയപരമായി യോജിക്കാൻ കഴിയുന്നവർ മുന്നണിയിലേക്ക് വരുമെന്നാണ് കരുതുന്നത്. ആരുടെയും പേരെടുത്ത് പറയുന്നില്ല. മുന്നണി വിപുലീകരിച്ച് അടിത്തറ ശക്തിപ്പെടുത്തും. തെരഞ്ഞെടുപ്പുകളിൽ മുഖ്യമന്ത്രി ഓരോ കാർഡ് ഇറക്കി കളിക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി ന്യൂനപക്ഷ കാർഡ് ഇറക്കി കളിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷ കാർഡ് ഇറക്കിയെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

## ജനവാസകേന്ദ്രത്തിൽ പുലിയുടെ ജഡം

കാസർഗോഡ്: കള്ളാറിൽ ജനവാസകേന്ദ്രത്തിൽ പുലിയുടെ ജഡം കണ്ടെത്തി. ബളാൽ റോഡിൽ പുഞ്ചക്കര കോട്ടക്കുന്നിലെ ബസ് കാത്തിരിപ്പുകേന്ദ്രത്തിനു സമീപത്തെ സ്വകാര്യ വ്യക്തിയുടെ പറമ്പിലാണ് ജഡം കണ്ടെത്തിയത്. രണ്ടാഴ്ചയോളം പഴക്കമുള്ളതായാണ് വനംവകുപ്പിന്റെ പ്രാഥമിക നിഗമനം.

വെറ്ററിനറി ഡോക്ടറെ സ്ഥലത്തെത്തിച്ച് പോസ്റ്റുമോർട്ടം നടത്താനാണു തീരുമാനം. വനമേഖലയിൽ നിന്ന് കിലോമീറ്ററുകൾ അകലെയാണ് ഈ പ്രദേശം. ഏതാനും നാളുകളായി ജില്ലയിൽ പലയിടങ്ങളിലും ജനവാസമേഖലകളിൽ പുലികളെ കാണുന്ന സംഭവങ്ങളുണ്ടായിരുന്നു.

# അറിവിന്റെ ജനാധിപത്യം ആഘോഷമാക്കാൻ കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പ്

രാജ്യാന്തരശ്രദ്ധയാകർഷിച്ച കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിനുള്ള ഒരുക്കത്തിലാണ് നിയമസഭ. 2026 ജനുവരി 7 മുതൽ 13 വരെ നിയമസഭാ വളപ്പിൽ നടക്കുന്ന പുസ്തകോത്സവത്തിൽ പ്രവേശനം തീർത്തും സൗജന്യമാണ്. ഈ ദിവസങ്ങളിൽ കേരള നിയമസഭാ ഹാളും നിയമസഭാ മ്യൂസിയവും സന്ദർശിക്കാനും അവസരമുണ്ടായിരിക്കും. ഇരുന്നൂറിലധികം പ്രസാധകർ പങ്കെടുക്കുന്ന പുസ്തകോത്സവത്തിൽ, 250ലേറെ സ്റ്റാളുകളാണ് ഇത്തവണയും നിയമസഭാവളപ്പിൽ തയ്യാറാകുന്നത്.

തസ്ലിമ നസ്രിൻ, റാണാ അയൂബ്, ചൂളാനന്ദ സമരനായകെ, പ്രഫുൽ ഷിലേദാർ, സൈറ ഷാ ഹലീം, ബാനു മുഷ്താഖ് ദേശീയ – അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയരായ നിരവധി എഴുത്തുകാർക്കും മാധ്യമപ്രവർത്തകർക്കും സാമൂഹിക-സാംസ്കാരിക പ്രവർത്തകർക്കും ഒപ്പം, മലയാളത്തിന്റെ പ്രിയപ്പെട്ട ധാരാളം എഴുത്തുകാരും പുസ്തകോത്സവത്തിൽ പങ്കെടുക്കും. പുസ്തകപ്രകാശനങ്ങൾ, പുസ്തകചർച്ചകൾ, സംവാദങ്ങൾ, എഴുത്തുകാരുമായുള്ള അഭിമുഖസംഭാഷണങ്ങൾ, പ്രഭാഷണങ്ങൾ എന്നിങ്ങനെ ആറ് വേദികളിലായി, നിരവധി പരിപാടിൾ പുസ്തകോത്സവത്തെ സമ്പന്നമാക്കുന്നു. വിദ്യാർത്ഥികൾക്ക് പ്രത്യേകമായി സജ്ജീകരിക്കുന്ന സ്റ്റുഡന്റ്സ് കോർണറിൽ നിരവധി പ്രമുഖർ കുട്ടികളുമായി സംവദിക്കും. പപ്പറ്റ് ഷോകൾ, മാജിക് ഷോകൾ, കുട്ടികളുടെ പരിപാടികൾ തുടങ്ങിയവ സ്റ്റുഡന്റ് കോർണർ വേദിയെ ആകർഷകമാക്കുന്നു. പ്രസാധകർ സംഘടിപ്പിക്കുന്ന പുസ്തക പ്രകാശനങ്ങളും ചർച്ചകളും നിയമസഭയിലെ മൂന്ന് വേദികളിലായി നടക്കും. നിയമസഭയുടെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്ന മാതൃകാ നിയമസഭ എന്ന പരിപാടി മാത്രം സെക്രട്ടേറിയറ്റ് മന്ദിരത്തിലെ പഴയ നിയമസഭാ ഹാളിൽവച്ച് നടക്കും.

ജനുവരി 8 മുതൽ 12 വരെയുള്ള തീയതികളിലായി വടക്കൻ കേരളത്തിന്റെ തനതുകലാരൂപമായ തെയ്യം അവതരിപ്പിക്കപ്പെടുമെന്നത് ഇത്തവണത്തെ പുസ്തകോത്സവത്തെ സവിശേഷ അനുഭവമാക്കി മാറ്റും. പുസ്തകോത്സവരാവുകളെ വർണ്ണാഭമാക്കുന്ന മെഗാ ഷോകൾ, കേരളത്തിന്റെ രുചിവൈവിധ്യമറിയാൻ ഭക്ഷ്യമേള, ഇഷ്ടപ്പെട്ട എഴുത്തുകാരുടെ കൈയ്യൊപ്പ് വാങ്ങാൻ അവസരം തുടങ്ങിയവ പുസ്തകോത്സവത്തെ തലസ്ഥാനനഗരിയുടെ ആഘോഷമാക്കി മാറ്റുന്നു. അറിവിന്റെ ജനാധിപത്യം ആഘോഷിക്കുന്ന ഏഴ് ദിനരാത്രങ്ങൾക്കായി കേരള നിയമസഭ ഒരുങ്ങുന്നു.

# അതിജീവിതയെ അധിക്ഷേപിച്ച കേസ്; രാഹുൽ ഈശ്വറിന് ഉപാധികളോടെ ജാമ്യം

തിരുവനന്തപുരം: പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിൽ പ്രതിയായ ലൈംഗീകപീഡനക്കേസിലെ അതിജീവിതയെ സാമൂഹികമാധ്യമം വഴി അധിക്ഷേപിച്ച കേസിൽ റിമാൻഡിൽ കഴിയുന്ന രാഹുൽ ഈശ്വറിന് ജാമ്യം.

സാക്ഷികളെ സ്വാധീനിക്കരുത്, മറ്റ് കേസുകളിൽ ഉൾപ്പെടരുത് എന്നീ ഉപാധികളോടെ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യം നൽകിയത്. റിമാൻഡിലായി 16 ദിവസങ്ങൾക്ക് ശേഷമാണ് കോടതി ജാമ്യം അനുവദിച്ചത്.

രണ്ടു തവണ ജാമ്യാപേക്ഷ തള്ളിയതിനു ശേഷമാണ് കോടതി ഇന്ന് ജാമ്യം അനുവദിച്ചത്. അറിഞ്ഞുകൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ലെന്നും 16 ദിവസമായി ജയിലിൽ കിടക്കുകയാണെന്നും രാഹുൽ ഈശ്വർ കോടതിയിൽ വ്യക്തമാക്കി.

അതേസമയം, അന്വേഷണവുമായി സഹകരിക്കാത്തതു കാരണമാണ് രണ്ടുതവണ പ്രതിയെ കസ്റ്റഡിയിൽ വാങ്ങിയതെന്നു പ്രോസിക്യൂഷൻ അറിയിച്ചു. സമൂഹമാധ്യമത്തിലൂടെ അധിക്ഷേപിച്ചെന്ന യുവതിയുടെ പരാതിയിലെടുത്ത കേസിൽ രാഹുൽ ഈശ്വറിനെ സൈബർ പോലീസാണ് അറസ്റ്റ് ചെയ്തത്.

ആളെ തിരിച്ചറിയാൻ സാധിക്കും വിധമുള്ള വിവരങ്ങൾ പങ്കുവച്ചതായി ആരോപിച്ച് രാഹുൽ ഈശ്വർ, കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ എന്നിവരടക്കം ആറ് പേർക്കെതിരെയാണ് കേസെടുത്തത്.

യുവതിയുടെ വ്യക്തിത്വം വെളിപ്പെടുത്തൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ഭീഷണിപ്പെടുത്തൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ദുരുപയോഗം എന്നീ വകുപ്പുകളാണു ചുമത്തിയിരിക്കുന്നത്. രണ്ട് വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പുകളാണിവ. മഹിളാ കോൺഗ്രസ് പത്തനംതിട്ട ജില്ലാ സെക്രട്ടറി രഞ്ജിത പുളിക്കനാണ് ഒന്നാം പ്രതി. അഭിഭാഷക ദീപ ജോസഫ്, ദീപ ജോസഫ് എന്നു പേരുള്ള മറ്റൊരു അക്കൗണ്ട് ഉടമ എന്നിവരാണു രണ്ടും മൂന്നും പ്രതികൾ.

# കനത്ത മൂടൽമഞ്ഞ്; മുംബൈയിൽനിന്നു ഡൽഹിയിലേക്കുള്ള ഫ്ലൈറ്റ് വൈകി, മെസി ഡൽഹിയിൽ വൈകിട്ട് നാലോടെ എത്തൂ

ന്യൂഡൽഹി: രാജ്യത്തെ വായുമലിനീകരണം അർജൻറൈൻ ഫുട്ബോൾ ഇതിഹാസം ലയണൽ മെസിക്കും വിനയായി. ഗോട്ട് ഇന്ത്യ ടൂർ 2025ന്റെ മൂന്നാം ദിനത്തിൽ മുംബൈയിൽ നിന്ന് ഡൽഹിയിലേക്ക് പറക്കാനൊരുങ്ങിയ മെസിയുടെ ചാർട്ടേഡ് ഫ്ലൈറ്റ് വായുമലിനീകരണം മൂലമുള്ള കനത്ത പുകമഞ്ഞിൽ കുടുങ്ങുകയായിരുന്നു. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലെ പരിപാടികളിൽ ഉച്ചയോടെ എത്തേണ്ടിയിരുന്ന മെസിക്ക് ഒന്നര മണിക്കൂറിലധികമാണ് താമസം നേരിടേണ്ടി വന്നത്. മെസിയെ കാണാനായി ഉച്ചക്ക് പന്ത്രണ്ടോടെ സ്റ്റേഡിയത്തിനകത്തു കയറിയ ആരാധകരും ഫുട്ബോൾ ഇതിഹാസത്തെ നേരിൽ കാണാനായുള്ള കാത്തിരിപ്പിലാണ്. ഉച്ചയ്ക്ക് രണ്ടരയോടെ ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലെത്തുമെന്ന് കരുതിയിരുന്ന മെസി വൈകുന്നേരം നാലിനെ എത്തൂവെന്ന് അധികൃതർ പറഞ്ഞു.

കനത്ത മൂടൽമഞ്ഞും മോശം ദൃശ്യപരതയും ഡൽഹി വിമാനത്താവളത്തിലെയടക്കം നിരവധി വിമാനസർവീസുകളെ ബാധിച്ചിട്ടുണ്ട്. അവസാനം പുറത്തുവരുന്ന കണക്കനുസരിച്ച് 60ലധികം ഫ്ലൈറ്റുകൾ റദ്ദാക്കപ്പെടുകയും 250ലധികം വിമാനസർവീസുകൾക്ക് കാലതാമസം നേരിടുകയും ചെയ്തു

കോൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലെ പരിപാടിക്കിടെ ഉണ്ടായ അനിഷ്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കനത്ത സുരക്ഷയാണ് ഡൽഹി സ്റ്റേഡിയത്തിനകത്തും പുറത്തും ഏർപ്പെടുത്തിയിരിക്കുന്നത്. അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ പ്രദർശന മത്സരത്തിലും മെസി കളിക്കുന്നുണ്ട്.

# അംഗങ്ങളുടെ സത്യപ്രതിജ്ഞ 21 ന് : മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഡിസംബർ 21 ന് സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. ഇത് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.തിരഞ്ഞെടുക്കപ്പെട്ടവരിൽ മുതിർന്ന അംഗം / കൗൺസിലർ വേണം ആദ്യം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടത്. സർക്കാർ ഇതിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ മുൻപാകെ വേണം ആദ്യ അംഗം പ്രതിജ്ഞയെടുക്കേണ്ടത്. കോർപ്പറേഷനുകളിലും ജില്ലാപഞ്ചായത്തുകളിലും ജില്ലാകളക്ടർമാരും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ അതത് സ്ഥാപനങ്ങളിലെ വരണാധികാരികളെയുമാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. മുനിസിപ്പൽ കൗൺസിലുകളിൽ ഇതിനായി നിയോഗിച്ചിട്ടുള്ള വരണാധികാരികൾ വേണം ആദ്യ അംഗത്തെ പ്രതിജ്ഞ എടുപ്പിക്കേണ്ടത്.ആദ്യം സത്യപ്രതിജ്ഞ ചെയ്ത മുതിർന്ന അംഗമായിരിക്കും മറ്റ് അംഗങ്ങളെ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യിക്കുക. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും പ്രതിജ്ഞ എടുക്കാൻ രേഖാമൂലം അറിയിപ്പ് നൽകും.ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിലുകൾ എന്നിവിടങ്ങളിൽ ഡിസംബർ 21 ന് രാവിലെ 10നും കോർപ്പറേഷനുകളിൽ 11.30 നുമാണ് സത്യപ്രതിജ്ഞ നടപടികൾ ആരംഭിക്കുക.സത്യപ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞാലുടൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടേയും ആദ്യ യോഗം ആദ്യം പ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അധ്യക്ഷതയിൽ ചേരും. ഈ യോഗത്തിൽ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് സംബന്ധിച്ച കമ്മീഷന്റെ അറിയിപ്പ് സെക്രട്ടറി വായിക്കും. സത്യപ്രതിജ്ഞാ ചടങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷിക്കേണ്ടതും കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

# ഡൽഹിയിൽ കനത്ത പുകമഞ്ഞ്; റോഡ്, വ്യോമ ഗതാഗതം താറുമാറായി

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് കനത്ത പുകമഞ്ഞ്. കാഴ്ചപരിധി പൂജ്യം ആയതോടെ റോഡ് വ്യോമ ഗതാഗതം താറുമാറായി. ഡൽഹിയിൽ നിലവിലെ വായു ഗുണനിലവാരതോത് ഗുരുതര അവസ്ഥയിലാണ്. ഡൽഹി വിമാനത്താവളത്തിൽ മാത്രം എയർ ഇന്ത്യയുടെ 40 സർവീസുകളാണ് കനത്ത പുകമഞ്ഞു മൂലം റദ്ദാക്കിയത്. 150ലധികം വിമാന സർവീസുകൾ വൈകി. നാല് വിമാനങ്ങൾ വഴിതിരിച്ചുവിട്ടു. വിമാനത്താവളങ്ങളിലേക്ക് പുറപ്പെടും മുൻപേ യാത്രക്കാർ എയർലൈനുകളുമായി ബന്ധപ്പെട്ട് ഫ്ലൈറ്റ് സ്റ്റാറ്റസ് ഉറപ്പാക്കണം എന്ന് വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകി. വിമാനങ്ങൾ വൈകാനുള്ള സാധ്യതയുണ്ടെന്ന് ഇൻഡിഗോയും സ്പൈസ് ജെറ്റും അറിയിച്ചു. താപനിലയിൽ ഉണ്ടായ കുറവും വായുമലിനീകരണം രൂക്ഷമായതുമാണ് ഡൽഹിയിൽ പുകമഞ്ഞ് രൂക്ഷമാകാൻ കാരണമെന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. 8.2 ഡിഗ്രി സെൽഷ്യസ് ആണ് ഇന്ന് ദില്ലിയിൽ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ താപനില. കഴിഞ്ഞ മൂന്ന് ദിവസമായി വായു ഗുണനിലവാരം ഗുരുതര വിഭാഗത്തിൽ തുടരുകയാണ്. 456 ആണ് ഇന്ന് രേഖപ്പെടുത്തിയ ശരാശരി എക്യുഐ. വായുമലിനീകരണം രൂക്ഷമായതോടെ നിയന്ത്രണങ്ങളും സർക്കാർ കടുപ്പിച്ചു.

# ഭാര്യ മരിച്ചു, സാമ്പത്തിക പ്രശ്നം; മൂന്ന് കുട്ടികളെ കൊന്ന് പിതാവ് ജീവനൊടുക്കി

പാറ്റ്ന: ബീഹാറിൽ മൂന്ന് കുട്ടികളെ കൊന്ന് പിതാവ് ജീവനൊടുക്കി. മുസാഫർപുരിലാണ് സംഭവം. അമർനാഥ് റാം(35)ആണ് മക്കളെ കൊന്ന് ജീവനൊടുക്കിയത്.

അഞ്ച് മക്കളെ കൊല്ലാനാണ് അമർനാഥ് ശ്രമിച്ചത്. ഇതിൽ രണ്ടുപേർ രക്ഷപെട്ടു. അനുരാധ കുമാരി (12), ശിവാനി കുമാരി (11), രാധിക കുമാരി (ഏഴ്) എന്നിവരാണ് മരിച്ചത്. ശിവം കുമാർ (ആറ്), ചന്ദൻ കുമാർ (അഞ്ച്) എന്നിവർ രക്ഷപെട്ടു. രക്ഷപ്പെട്ട രണ്ട് കുട്ടികളും ചികിത്സയിലാണ്. അമർനാഥിന്റെ ഭാര്യ കഴിഞ്ഞ വർഷം മരിച്ചിരുന്നു. ഇതോടെ മാനസികമായി ബുദ്ധിമുട്ടിയിരുന്ന അമർനാഥ് സാമ്പത്തിക പ്രശ്നങ്ങളും നേരിട്ടിരുന്നു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി അയച്ച പോലീസ്, കേസ് അന്വേഷിക്കുന്നുണ്ട്.

# തെരഞ്ഞെടുപ്പിൽ ഭരണ വിരുദ്ധ വികാരം ഉണ്ടായിട്ടില്ല; തോൽവി വിശദമായി പരിശോധിക്കുമെന്ന് എം. വി. ഗോവിന്ദൻ

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഭരണ വിരുദ്ധ വികാരം ഉണ്ടായിട്ടില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. ശബരിമല സ്വർണപാളി കേസ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടില്ലെന്നും എം. വി. ഗോവിന്ദൻ പറഞ്ഞു.

തെരഞ്ഞെടുപ്പിലുണ്ടായ തോൽവി വിശദമായി പരിശോധിക്കും, പരിഹാരം കാണും. കൊല്ലം കോർപറേഷനിലെ തോൽവി പ്രത്യേകം പരിശോധിക്കും. ശബരിമല സ്വർണക്കൊള്ളയിൽ തെറ്റ് ചെയ്തവരെ സംരക്ഷിക്കില്ല. തെരഞ്ഞെടുപ്പിൽ വർഗീയ ശക്തികൾ ഒന്നിച്ചുവെന്നും എം. വി. ഗോവിന്ദൻ ആരോപിച്ചു.

തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ തോൽപ്പിക്കാൻ യുഡിഎഫ്-ബിജെപി ധാരണയുണ്ടായിരുന്നതായും അദ്ദേഹം പറഞ്ഞു. ഇടതുമുന്നണിയുടെ രാഷ്ട്രീയ അടിത്തറ ഭദ്രമാണെന്നും സിപിഎം സംസ്ഥാന സെക്രട്ടറി അറിയിച്ചു.

തിരുവനന്തപുരം കോർപറേഷനിൽ ആറ് സീറ്റുകളിൽ ചെറിയ വോട്ടുകൾക്കാണ് തോൽവിയുണ്ടായത്. ഇതും വിശദമായി പരിശോധിക്കുമെന്ന് എം. വി. ഗോവിന്ദൻ കൂട്ടിച്ചേർത്തു.

# ക്ഷീര വികസന വകുപ്പിന്റെ മാധ്യമ അവാർഡിന് അപേക്ഷിക്കാം

ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരിയിൽ കൊല്ലത്ത് നടക്കുന്ന സംസ്ഥാന ക്ഷീര സംഗമം 'പടവ് 2026' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്കും പുരസ്കാരങ്ങൾ നൽകുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട മികച്ച പത്ര റിപ്പോർട്ട്, പത്ര ഫീച്ചർ, കാർഷിക മാസികകളിലെ ഫീച്ചർ/ ലേഖനം, ക്ഷീര മേഖലയിലെ മികച്ച പുസ്തകം, മികച്ച ശ്രവ്യമാധ്യമ ഫീച്ചർ, ദൃശ്യ മാധ്യമ റിപ്പോർട്ട്, ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ ഡോക്കുമെന്ററി/ മാഗസിൻ പ്രോഗ്രം, 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിലെ മികച്ച ഫോട്ടോഗ്രാഫ് എന്നീ വിഭാഗങ്ങളിൽ പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം.

ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാക്കി ദിനപത്രങ്ങളിലോ ആനുകാലികത്തിലോ പ്രസിദ്ധീകരിച്ച മികച്ച ഫീച്ചറിനും 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയിത്തിലൂന്നി ഉദ്യോഗസ്ഥർ എടുത്ത ഫോട്ടോഗ്രാഫിനും പുരസ്കാരങ്ങൾ നൽകുന്നുണ്ട്. എൻട്രികൾ 2024 ജനുവരി 01 മുതൽ 2025 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാ ഫോറത്തിന്റെ മാതൃകയും [illegible]ൽ ലഭ്യമാണ്. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും ലഭിക്കും. അപേക്ഷകൾ ഡിസംബർ 30 വൈകിട്ട് 4 മണിക്കകം ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ), ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ., തിരുവനന്തപുരം- 695004 വിലാസത്തിൽ ലഭിക്കണം. ഫോൺ നം: 9995240861, 9446453247, 9495541251.

# സിവിൽ എൻജിനിയറിങ്ങിൽ ത്രീഡി പ്രിന്റിങ്ങിന്റെ പ്രാധാന്യം: ഏകദിന ശില്പശാല 17ന്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ സിവിൽ എൻജിനീയറിങ്ങിൽ 3ഡി പ്രിന്റിങ് സാങ്കേതികതയുടെ പ്രാധാന്യം എന്ന വിഷയത്തിൽ ഏകദിനശിൽപ്പശാല സംഘടിപ്പിക്കുന്നു. ഓസ്ട്രേലിയ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്വിൻ ബേൺ യൂണിവേഴ്സിറ്റിയുമായി ചേർന്നുകൊണ്ട് ഡിസംബർ 17 ബുധനാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെയാണ് ശിൽപ്പശാല. 3ഡി പ്രിന്റേഴ്സ്, ഡിജിറ്റൽ ഡിസൈൻ, ലെയർ ബൈ ലെയർ ഘടന, ഓസ്ട്രേലിയയിലെ ഗൃഹ നിർമാണ രീതികൾ, നിർമാണമേഖലയിലെ അതിയന്ത്രവത്കരണം, നിർമാണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.എൻജിനീയറിങ് കോളേജുകളിലെ സിവിൽ വിഭാഗം അധ്യാപകർക്കാണ് പ്രവേശനം. പ്രവേശന ഫീസ് 1,000 രൂപ. പ്രൊഫസർ ഡോ.പാറ്റ് രാജീവ് ക്ലാസുകൾ നയിക്കും. സ്വിൻബേർണിൽ ഗവേഷണം നടത്തുന്ന ബിജു ബാലകൃഷ്ണൻ ശിൽപ്പശാലയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾക്ക്: 9496615430.

# 'കാഴ്ചക്കുറവും കാഴ്ചയില്ലായ്മയും': നിഷ് സെമിനാർ 17 ന്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങും (നിഷ്) സംസ്ഥാന സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടത്തുന്ന നിഡാസ് വെബിനാറിന്റെ ഭാഗമായി "കാഴ്ചക്കുറവും കാഴ്ചയില്ലായ്മയും" എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ നടത്തുന്നു. ഡിസംബർ 17 ന് രാവിലെ 10.30 മുതൽ 12.30 വരെ ഗൂഗിൾ മീറ്റിംഗിലൂടെയും നിഷിന്റെ യൂട്യൂബ് ചാനലിലൂടെയും തത്സമയ സംപ്രേഷണത്തോടെ നടക്കുന്ന മലയാളം വെബിനാറിനു തിരുവനന്തപുരം പ്രീസയിസ് ഐ കെയർ ഹോസ്പിറ്റലിലെ പീഡിയാട്രിക് ഒഫ്താൽമോളജി സീനിയർ കൺസൾട്ടന്റ് ഡോ. അനിത പ്രഭാകരൻ നേതൃത്വം നൽകും. സെമിനാർ ലിങ്ക്: https://meet.google.com/bip-juco.cer. കൂടുതൽ വിവരങ്ങൾക്ക്: 8848683261,

# എല്ലാ ജില്ലയിലും ഓട്ടിസം കോംപ്ലക്സുകൾ സ്ഥാപിക്കും : മന്ത്രി വി ശിവൻകുട്ടി

സ്റ്റാർസ് പദ്ധതി പ്രകാരം 14 ജില്ലകളിലും അത്യാധുനിക മോഡൽ ഓട്ടിസം കോംപ്ലക്സ് സ്ഥാപിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. രണ്ടേമുക്കാൽ കോടി രൂപ ഓരോ ഓട്ടിസം സെന്ററിനായി മാറ്റി വെച്ചിരിക്കുകയാണെന്നും സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

അഞ്ചാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെ ഈ വർഷം സബ്ജക്ട് മിനിമം നടപ്പിലാക്കും. 2027 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പിലാക്കും. ഒന്നു മുതൽ പത്ത് വരെയുള്ള അർധ വാർഷിക പരീക്ഷ ഡിസംബർ 23 ന് അവസാനിക്കും. ഹയർ സെക്കണ്ടറി അർധ വാർഷിക പരീക്ഷ ക്രിസ്തുമസ് അവധി കഴിഞ്ഞ് ജനുവരി 6 ന് അവസാനിക്കും. ക്രിസ്തുമസ് അവധി പന്ത്രണ്ട് ദിവസമാണ് ഈ വർഷം നൽകിയിരിക്കുന്നത്. സാധാരണയായി ഒമ്പത് ദിവസമാണ് നൽകി വന്നിരുന്നത്.

ഹയർ സെക്കണ്ടറി രണ്ടാംവർഷ ബ്രെയിലി പാഠപുസ്തങ്ങൾ വിതരണം പൂർത്തിയായി. ഒന്നു മുതൽ പത്ത് വരെയുള്ള രണ്ടാം വാല്യം 593 ടൈറ്റിലുകളിലായി 6 കോടി പാഠപുസ്തകങ്ങൾ വിതരണം ചെയ്തതായും മന്ത്രി അറിയിച്ചു.

# ഭരണ വിരുദ്ധ വികാരമില്ല; നിയമസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചുവരുമെന്ന് സിപിഎം

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിൽ ഭരണ വിരുദ്ധ വികാരമില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് വിലയിരുത്തൽ. രാഷ്ട്രീയ പോരാട്ടം നടന്ന ജില്ലാ പഞ്ചായത്തുകളിൽ ഒപ്പത്തിനൊപ്പം പിടിച്ചു. സർക്കാരിനോടുള്ള എതിർപ്പല്ല. മറ്റു ഘടകങ്ങളാണ് ഫലത്തെ സ്വാധീനിച്ചത്. എതിർപ്പുകളെ മറികടന്ന് നിയമസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചു വരാനാകുമെന്നും പാർട്ടി വിലയിരുത്തി. ശബരിമല സ്വർണക്കൊള്ള തിരിച്ചടി ആയിട്ടുണ്ട്. അതിനെ മറികടക്കണം. തിരുവനന്തപുരം, കൊല്ലം കോർപറേഷനുകളിലും ചില ജില്ലാ പഞ്ചായത്തുകളിലും പ്രതീക്ഷിച്ച വിജയം ഉണ്ടായില്ല. സാമുദായിക സമവാക്യങ്ങൾ പാലിക്കാതെയാണ് പലയിടത്തും സ്ഥാനാർഥികളെ നിശ്ചയിച്ചതെന്നും വിമർശനം ഉയർന്നു.

# പ്രസംഗം പരിധി കടന്നു; ഖേദം പ്രകടിപ്പിച്ച് സിപിഎം നേതാവ് സെയ്താലി മജീദ്

മലപ്പുറം: സ്ത്രീ വിരുദ്ധ പ്രസംഗത്തിൽ ഖേദം പ്രകടിപ്പിച്ച് സിപിഎം നേതാവ് സെയ്താലി മജീദ്. തന്റെ വാക്കുകൾ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നുവെന്നും സെയ്താലി മജീദ് പറഞ്ഞു.

പ്രസംഗം പരിധി കടന്നുവെന്ന് അംഗീകരിക്കുന്നുവെന്നും അത് ഒഴിവാക്കേണ്ടിയിരുന്നതായിരുന്നെന്നും സെയ്താലി മജീദ് അറിയിച്ചു. കഴിഞ്ഞ ദിവസമായിരുന്നു തെന്നല പഞ്ചായത്ത് ഒന്നാം വാർഡ് കൊടക്കല്ലിൽ സെയ്താലി മജീദ് നടത്തിയ പ്രസംഗത്തിൽ സ്ത്രീ വിരുദ്ധ പരാമർശമുണ്ടായത്.

പിന്നാലെ പ്രസംഗത്തിനെതിരെ വലിയ വിമർശനങ്ങൾ ഉയർന്നിരുന്നു. ഇതേ തുടർന്ന് സിപിഎം നേതൃത്വം തന്നെ ഇടപെട്ട് ഖേദപ്രകടനം ആവശ്യപ്പെടുകയായിരുന്നു.

കോപവും വികാരവും ചേർന്നപ്പോൾ വാക്കുകൾക്ക് വേണ്ടത്ര നിയന്ത്രണം നഷ്ടപ്പെട്ടുപോയതായി സെയ്താലി മജീദ് പറഞ്ഞു.

സ്ത്രീ സമത്വത്തെയും സ്ത്രീകളോടുള്ള ആദരവിനെയും എന്നും പിന്തുണയ്ക്കുന്ന ഒരാളാണ് താൻ.

തന്നെ അടുത്തറിയുന്നവർക്ക് അത് വിശദീകരണം വേണ്ട കാര്യമല്ല.

തന്റെ ജീവിതവും പൊതുപ്രവർത്തനവും തന്നെയാണ് അതിന്റെ തെളിവെന്നും സെയ്താലി മജീദ് കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഡീപ്–ടെക് സ്റ്റാർട്ടപ്പുകൾക്ക് കരുത്തേകാൻ കെഎസ്‌യുഎം ജർമ്മനിയുമായി കൈകോർക്കുന്നു

തിരുവനന്തപുരം: ഡീപ്-ടെക് സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) ജർമ്മനിയിലെ ബാഡൻ-വുട്ടംബർഗിലെ നെക്സ്റ്റ്ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറിയുമായി കോവളത്ത് നടന്ന ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബൽ 2025 ൽ ധാരാണാപത്രം ഒപ്പിട്ടു.'ദി കേരള ഫ്യൂച്ചർ ഫോറം' എന്ന മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്ത പരിപാടിയിൽ വച്ചാണ് കെഎസ്‌യുഎം സിഇഒ അനൂപ് അംബികയും ജർമ്മനിയിലെ കാൾസ്രൂഹ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മേധാവി തോമസ് ന്യൂമാനും ചേർന്ന് കരാർ ഒപ്പിട്ടത്.

ജർമ്മനിയിലെ അഞ്ച് പ്രമുഖ സർവകലാശാലകൾ ചേർന്നുള്ള കൂട്ടായ്മയാണ് നെക്സ്റ്റ്ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറി. ഒരു ബില്യൺ യൂറോയ്ക്ക് മുകളിൽ മൂല്യമുള്ള വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ടും ഇവർക്കുണ്ട്.ഈ സഹകരണത്തിലൂടെ ജർമ്മനിയിലും കേരളത്തിലുമായി ഏകദേശം 300 സ്റ്റാർട്ടപ്പുകൾ ഘട്ടം ഘട്ടമായി വികസിപ്പിക്കുകയാണ് ലക്ഷ്യം. ഡീപ്-ടെക് സ്റ്റാർട്ടപ്പുകൾക്ക് ഫണ്ടിംഗ് ഉൾപ്പെടെയുള്ള വിവിധ പിന്തുണകൾ ഈ സഹകരണത്തിലൂടെ ലഭ്യമാകും.സർക്കാരിൻറെയും കേരളത്തിലെയും ജർമ്മനിയിലെയും സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൻറെയും പങ്കാളിത്തത്തോടെ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ച് പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകും.കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് കഴിവുള്ളവരെ കണ്ടെത്തി സുസ്ഥിരമായ പ്രതിഭാ ശൃംഖല രൂപപ്പെടുത്തുക എന്നതാണ് ഈ സഹകരണത്തിൻറെ പ്രധാന സവിശേഷത. ഇത് കേരളത്തിൻറെ വ്യവസായ രംഗത്ത് പുതിയ മാറ്റങ്ങൾ കൊണ്ടുവരുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.രാജ്യത്തെ ഡീപ്-ടെക് ഗവേഷണ-നവീകരണ രംഗത്ത് നേതൃത്വം നൽകാൻ ഈ ധാരണാപാത്രം കേരളത്തിന് വലിയ അവസരമൊരുക്കുന്നതായി അനൂപ് അംബിക പറഞ്ഞു. ജർമ്മനിയിലും ലോകത്തിൻറെ വിവിധ ഭാഗങ്ങളിലുമുള്ള സ്റ്റാർപ്പ് സമൂഹങ്ങൾ തമ്മിലുള്ള സഹകരണത്തിന് ഈ പങ്കാളിത്തം വഴിവയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.ജർമ്മനിയിലെ സ്റ്റുട്ട്ഗാർട്ട് സർവകലാശാലയിലെ ട്രേസസ് മേധാവി ഡോ. റുബീന സേൺ-ബ്രൂവർ, കേരളത്തിലെയും തിരുവനന്തപുരം ഗൊയ്ഥെ-സെൻട്രത്തിലെയും ജർമ്മൻ കോൺസൽ ഡോ. സയ്യിദ് ഇബ്രാഹിം, ജർമ്മനിയിലെ ഹാൻഡ്സ് ഓൺ സൊല്യൂഷൻ സിഇഒ ബെർണാർഡ് ക്രിഗർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.ഭവന-നിർമ്മാണ മേഖലകളിൽ നവീകരണം പ്രോത്സാഹിപ്പിക്കാൻ കേരള സ്റ്റാർട്ടപ്പ് മിഷനും ഐഐടി പാലക്കാട് ടെക്നോളജി ഐ-ഹബ് ഫൗണ്ടേഷനും ചേർന്ന് മറ്റൊരു ധാരണാപത്രവും ഒപ്പുവച്ചു. കൺസ്ട്രക്ഷൻ ഇന്നൊവേഷൻ ഹബ്ബ്, എൻറർപ്രണർ ഇൻ റെസിഡൻസ് എന്നീ പദ്ധതികളിലൂടെയാണ് ഇത് നടപ്പാക്കുന്നത്.

ഹഡിൽ ഗ്ലോബൽ 2025 ൻറെ സമാപന ചടങ്ങിലാണ് ഇത് സംബന്ധിച്ച ധാരണാപത്രം അനൂപ് അംബികയും ഐടിപിഐഎഫ് സിഇഒ സായിശ്യാം നാരായണും ചേർന്ന് കൈമാറിയത്. സ്റ്റാർട്ടപ്പ് ടിഎൻ സിഇഒയും മിഷൻ ഡയറക്ടറുമായ ശിവരാജ രാമനാഥൻ, ബെംഗളൂരുവിലെ സി-ഡാക് എക്സിക്യൂട്ടീവ് ഡയറക്ടർ ഡി സുദർശൻ, കേരള സർക്കാർ ഹൈ പവർ ഐടി കമ്മിറ്റിയിലെ ലീഡ് ഐടി സ്ട്രാറ്റജിസ്റ്റ് പ്രജീത് പ്രഭാകരൻ എന്നിവർ സന്നിഹിതരായിരുന്നു.ഫെലോഷിപ്പ്, മെൻറർഷിപ്പ്, ഇൻക്യുബേഷൻ, സാമ്പത്തിക സഹായം എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയാണ് ഇതിൻറെ ലക്ഷ്യം.



**കോവളത്ത് നടന്ന ഹഡിൽ ഗ്ലോബൽ 2025 ൽ ജർമ്മനിയിലെ ബാഡൻ-വുട്ടംബർഗിലെ നെക്സ്റ്റ്ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറിയുമായി മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിധ്യത്തിൽ കെഎസ്‌യുഎം ധാരാണാപത്രം കൈമാറുന്നു. പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രി വി ശിവൻകുട്ടി, ഇലക്ട്രോണിക്സ് ആൻഡ് ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, കെഎസ്‌യുഎം സിഇഒ അനൂപ് അംബിക, ജർമ്മനിയിലെ കാൾസ്രൂഹ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മേധാവി തോമസ് ന്യൂമാൻ, ജർമ്മനിയിലെ ഹാൻഡ്സ് ഓൺ സൊല്യൂഷൻ സിഇഒ ബെർണാർഡ് ക്രിഗർ എന്നിവർ സമീപം.**

## പി. ടി. കുഞ്ഞുമുഹമ്മദിനെതിരായ പീഡനക്കേസ്; പരാതിയിൽ കഴമ്പുണ്ടെന്ന് പോലീസ്

തിരുവനന്തപുരം: ചലച്ചിത്ര സംവിധായകൻ പി. ടി. കുഞ്ഞുമുഹമ്മദിനെതിരായ പീഡന പരാതിയിൽ കഴമ്പുണ്ടെന്ന് പോലീസ്. ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് പോലീസ് കോടതിയിൽ സമർപ്പിച്ചു. പരാതിക്കാരി മൊഴിയിൽ പറയുന്ന സമയം കുഞ്ഞുമുഹമ്മദ് ഹോട്ടലിലുണ്ട്. ഇതിന് സിസിടിവി ദൃശ്യങ്ങൾ തെളിവുണ്ടെന്നും പോലീസ് പറയുന്നു. കേസിൽ പി. ടി. കുഞ്ഞുമുഹമ്മദിന്റെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കവെയാണ് തിരുവനന്തപുരം സെഷൻസ് കോടതി പോലീസിനോട് റിപ്പോർട്ട് തേടിയത്.

വനിതാ ചലച്ചിത്ര പ്രവർത്തകയാണ് മുൻ എംഎൽഎ കൂടിയായ പി. ടി. കുഞ്ഞുമുഹമ്മദിനെതിരെ പരാതി നൽകിയത്. ഐഎഫ്എഫ്കെ സ്ക്രീനിങ്ങിനിടെ അപമര്യാദയായി പെരുമാറിയെന്നാണ് പരാതി. കഴിഞ്ഞ മാസം ആറിനായിരുന്നു പരാതിക്ക് ആസ്പദമായ സംഭവം. തുടർന്ന് മുഖ്യമന്ത്രിക്ക് പരാതി നൽകുകയായിരുന്നു. ഈ പരാതി മുഖ്യമന്ത്രി പോലീസിന് കൈമാറുകയായിരുന്നു.

## മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കി; നടനും പോലീസ് ഉദ്യോഗസ്ഥനുമായ പി. ശിവദാസനെതിരെ കേസ്

കണ്ണൂർ: മദ്യപിച്ച് വാഹനമോടിച്ച നടനും പോലീസ് ഉദ്യോഗസ്ഥനുമായ പി. ശിവദാസനെതിരെ കേസ്. സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ ആണ് ശിവദാസൻ. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണ് സംഭവം. സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ ആയ ശിവദാസൻ ഓടിച്ച കാർ കലുങ്കിൽ ഇടിച്ചു അപകടമുണ്ടാവുകയായിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് മട്ടന്നൂർ പോലീസ് കേസെടുത്തത്. സംഭവത്തിൽ പോലീസ് അന്വേഷണം നടന്നുവരികയാണ്.

## കോട്ടയത്ത് വ്യാപാരിയെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി

കോട്ടയം: വ്യാപാരിയെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. കോട്ടയം പൈകയിലാണ് സംഭവം. പൈക സ്വദേശി വിനോദ് ജേക്കബ് കൊട്ടാരത്തിൽ ആണ് മരിച്ചത്. ഇന്നലെ വീട്ടിൽ നിന്ന് പോയ വിനോദ് രാത്രിയായിട്ടും തിരിച്ചെത്തിയില്ല.

തുടർന്ന് നടത്തിയ അന്വേഷണത്തിനൊടുവിലാണ് ഇന്ന് രാവിലെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. വിനോദിന്റെ വീട്ടിലേക്ക് പോകുന്ന വഴിയിലുള്ള കുളത്തിലാണ് മൃതദേഹം കണ്ടെത്തിയത്. വീട്ടിലേക്ക് പോകുന്ന വഴിയിൽ കാലു തെറ്റി കുളത്തിൽ വീണതാകാമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. അസ്വഭാവിക മരണത്തിന് കേസെടുത്തു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

## ചലച്ചിത്ര പ്രവർത്തകയോട് ലൈംഗീകാതിക്രമം നടത്തിയ കേസ്; മുൻകൂർ ജാമ്യം തേടി പി. ടി. കുഞ്ഞുമുഹമ്മദ്

തിരുവനന്തപുരം: ചലച്ചിത്ര പ്രവർത്തകയോട് ലൈംഗീകാതിക്രമം നടത്തിയ കേസിൽ മുൻകൂർ ജാമ്യം തേടി സംവിധായകനും സിപിഎം സഹയാത്രികനും മുൻ എംഎൽഎയുമായ പി. ടി. കുഞ്ഞുമുഹമ്മദ്.

തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് ജാമ്യാപേക്ഷ നൽകിയത്. കുഞ്ഞുമുഹമ്മദിനെതിരെ പോലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിരുന്നു. ഇതിന് പിന്നാലെയാണ് മുൻകൂർ ജാമ്യത്തിനായി കോടതിയെ സമീപിച്ചത്. ജാമ്യാപേക്ഷ കോടതി ഇന്ന് പരിഗണിക്കും.

കേസുമായി ബന്ധപ്പെട്ട റിപ്പോർട്ട് പോലീസ് സമർപ്പിച്ചിട്ടുണ്ട്.

പ്രാഥമികാന്വേഷണത്തിൽ പി. ടി. കുഞ്ഞുമുഹമ്മദിനെതിരായ പരാതിയിൽ കഴമ്പുണ്ടെന്നാണ് പോലീസ് റിപ്പോർട്ടിൽ പറയുന്നത്. സംഭവം നടന്ന ഹോട്ടലിലെ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പോലീസ് നേരത്തേ ശേഖരിച്ചിരുന്നു. ഇക്കാര്യവും റിപ്പോർട്ടിൽ പറയുന്നുണ്ട്.

164-ാം വകുപ്പ് പ്രകാരം പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തണമെന്നും പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഇതിന് ശേഷം പി. ടി. കുഞ്ഞുമുഹമ്മദിന്റെ മൊഴിയെടുക്കുമെന്നും പോലീസ് അറിയിച്ചു.

കഴിഞ്ഞമാസമാണ് ഐഎഫ്എഫ്കെയുടെ സെലക്ഷൻ സ്ക്രീനിംഗിനിടെ തിരുവനന്തപുരം നഗരത്തിലെ ഹോട്ടൽമുറിയിൽ വച്ച് പി. ടി. കുഞ്ഞുമുഹമ്മദ് അപമര്യാദയായി പെരുമാറിയെന്നാണ് ചലച്ചിത്ര പ്രവർത്തക പരാതി നൽകിയത്.

വിരുന്ന് സത്കാരത്തിനായി പരാതിക്കാരിയെ ഹോട്ടൽമുറിയിലേക്ക് പി. ടി. കുഞ്ഞുമുഹമ്മദ് വിളിച്ചു വരുത്തുകയും തുടർന്ന് ലൈംഗീകാതിക്രമം നടത്തുകയുമായിരുന്നു എന്നാണ് പരാതി.

## രാഹുലിന് ആശ്വാസം; ആദ്യകേസിൽ അറസ്റ്റ് തടഞ്ഞ ഉത്തരവ് തുടരും

കൊച്ചി: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരായ ആദ്യ പീഡന പരാതിയിൽ അറസ്റ്റ് തടഞ്ഞ ഉത്തരവ് തുടരും. കേസിൽ രാഹുൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് ഹൈക്കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. ഈ കേസിൽ മുൻകൂർ ജാമ്യാപേക്ഷ നേരത്തെ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി തള്ളിയിരുന്നു. ഇതിനെതിരെയാണ് രാഹുൽ ഹൈക്കോടതിയെ സമീപിച്ചത്. ആദ്യത്തെ പരാതിയിൽ വിശദമായ വാദം കേൾക്കുമെന്ന് കോടതി അറിയിച്ചുവെങ്കിലും വ്യാഴാഴ്ചത്തേക്ക് മാറ്റുകയായിരുന്നു.

വ്യാഴാഴ്ച ക്രിസ്മസ് അവധിക്കായി കോടതി അടക്കുകയാണ്. ജനുവരി ആദ്യവാരത്തിലായിരിക്കും പിന്നീട് കോടതി തുറന്ന് പ്രവർത്തിക്കുക. അതേസമയം രണ്ടാമത്തെ പീഡനക്കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്ക് മുൻകൂർ ജാമ്യം നൽകിയതിനെതിരെ സർക്കാർ നൽകിയ അപ്പീലും പരിഗണിക്കുന്നത് മാറ്റി.

ക്രിസ്മസ് അവധിക്കുശേഷം പരിഗണിക്കുമെന്ന് ഹൈക്കോടതി അറിയിച്ചു. മറുപടി നൽകാൻ സമയം വേണമെന്ന് രാഹുൽ മാങ്കൂട്ടത്തിലിന്റെ അഭിഭാഷകൻ ആവശ്യപ്പെട്ടു. ഇതു പരിഗണിച്ചാണ് ക്രിസ്മസ് അവധിക്ക് ശേഷം പരിഗണിക്കാമെന്ന് സിംഗിൾ ബെഞ്ച് അറിയിച്ചത്.

## തൊടുപുഴയിൽ കശാപ്പിനെത്തിച്ച പോത്തുകൾ വിരണ്ടോടി; ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് പിടിച്ചുകെട്ടി

തൊടുപുഴ: വിരണ്ടോടിയ പോത്തുകളെ ഫയർഫോഴ്സും നാട്ടുകാരും ചേർന്ന്പിടിച്ചുകെട്ടി. കശാപ്പിനെത്തിച്ച നാലു പോത്തുകൾ വിരണ്ടോടിയത് പരിഭ്രാന്തി പരത്തിയിരുന്നു. തൊടുപുഴ പെരുമ്പിള്ളിച്ചിറ കല്ലുമാരി കുരിശു പള്ളിയ്ക്കു സമീപം തിങ്കളാഴ്ച രാവിലെയായിരുന്നു സംഭവം.

ഇടഞ്ഞോടിയ പോത്തുകളെ പിടികൂടാൻ നാട്ടുകാർ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. തുടർന്ന് ഫയർഫോഴ്സിനെ വിവരമറിയിക്കുകയായിരുന്നു. കല്ലുമാരിയ്ക്കു സമീപം പൈനാപ്പിൾ തോട്ടത്തിലെത്തിയ പോത്തുകളെയാണ് നാട്ടുകാരും ഫയർഫോഴ്സും ചേർന്ന് കീഴ്പ്പെടുത്തിയത്.

## മുസ്‌ലീം ലീഗിന് കരിദിനം ആചരിക്കേണ്ടിവരും'; കൊലവിളി പ്രസംഗവുമായി സിപിഎം

കോഴിക്കോട്: ഫറോക്കിൽ ഭീഷണിപ്രസംഗവുമായി സിപിഎം നേതാവ്. സിപിഎം ബേപ്പൂർ ഏരിയ കമ്മിറ്റിയംഗം എ. സമീഷ് ആണ് മുസ്‌ലീം ലീഗിന് നാളെ കരിദിനം ആചരിക്കേണ്ടിവരുമെന്നും തങ്ങൾക്ക് അരിവാളുകൊണ്ട് ചില പരിപാടികൾ അറിയാമെന്നും അതിന് അവസരമുണ്ടാക്കരുതെന്നും ഭീഷണിപ്പെടുത്തിയത്.

ഫറോക്ക് കരുവൻതുരുത്തിയിൽ സിപിഎം ബ്രാഞ്ച് കമ്മിറ്റിയംഗത്തിന്റെ വീടിന് നേരേ ആക്രമണമുണ്ടായെന്ന് ആരോപിച്ച് സിപിഎം കഴിഞ്ഞദിവസം പ്രതിഷേധം പ്രകടനം നടത്തിയിരുന്നു. ഈ പ്രകടനത്തിന് ശേഷം നടത്തിയ പ്രസംഗത്തിലായിരുന്നു സമീഷ് ഭീഷണി മുഴക്കിയത്.

'കരുവൻതുരുത്തി പ്രദേശത്തും ഫറോക്കിലും സമാധാനം കാത്തുസൂക്ഷിക്കണം എന്നുള്ളതുകൊണ്ട് മാത്രമാണ് ഇന്ന് ഇത്തരത്തിൽ ഒരു പ്രതിഷേധ പ്രകടനംമാത്രം ഞങ്ങൾ ഇവിടെ നടത്തിയിട്ടുള്ളത്. ഇനിയും ഞങ്ങളുടെ പ്രവർത്തകർക്കുനേരെ ഏതെങ്കിലും തരത്തിലുള്ള പ്രകോപനം നിങ്ങൾ സൃഷ്ടിച്ചാൽ, നാളെ ഇവിടെ മുസ്‌ലീം ലീഗ് കരിദിനം ആചരിക്കേണ്ടി വരും. ''ഒരു തർക്കവും നിങ്ങൾക്ക് വേണ്ട, ഞങ്ങൾ പ്രഖ്യാപിക്കുകയാണ്. ഞങ്ങളുടെ ചിഹ്നം അരിവാൾ ചുറ്റിക നക്ഷത്രമാണ്. ഞങ്ങൾക്ക് അരിവാൾകൊണ്ടും ചില പരിപാടി അറിയാം.

അത് ഇവിടുത്തെ മുസ്‌ലീം ലീഗുകാരന് ബോധ്യപ്പെടുത്തിക്കൊടുക്കാൻ അവസരം മുസ്‌ലീം ലീഗുകാരനായിട്ട് ഉണ്ടാക്കരുത്. ''ഇവിടെ നിങ്ങൾ ഇന്ന് ഒരു പടക്കമെടുത്തെറിഞ്ഞ്, ഒരു ഗുണ്ടെറിഞ്ഞ് ഞങ്ങളുടെ സഖാവിന്റെ വീട്ടിനകത്തേക്ക് പ്രകോപനം സൃഷ്ടിക്കാൻ ശ്രമിച്ചു.

ആ പ്രകോപനം ഇന്നലെയും നിങ്ങൾ ഉണ്ടാക്കി, ഇന്നും നിങ്ങൾ ഉണ്ടാക്കുന്നു'. -സമീഷ് പറഞ്ഞു.

## കോട്ടയത്ത് പെൺകുട്ടിയോട് അശ്ലീല പരാമർശം നടത്തി; യുവാവിന്റെ തല അടിച്ചു പൊട്ടിച്ച് ആൺസുഹൃത്ത്

കോട്ടയം: പെൺകുട്ടിയോട് അശ്ലീല പരാമർശം നടത്തിയ യുവാവിന്റെ തല അടിച്ചു പൊട്ടിച്ചു.

ചങ്ങനാശ്ശേരി സ്വദേശി വിഷ്ണു(27)വിനാണ് പരിക്കേറ്റത്. തിരുവല്ല കെഎസ്ആർടിസി സ്റ്റാൻഡിൽ ബസ് കാത്തുനിന്ന പെൺകുട്ടിയോട് ആണ് വിഷ്ണു അശ്ലീല പരാമർശം നടത്തിയത്. ആർക്കും പരാതിയില്ലാത്തതിനാൽ പോലീസ് കേസെടുത്തിട്ടില്ല. രാവിലെ 10 ഓടെയാണ് സംഭവം. പെൺകുട്ടി കെഎസ്ആർടിസി സ്റ്റാൻഡിൽ ബസ് കാത്തുനിൽക്കുകയായിരുന്നു. പെൺകുട്ടിയുടെ അടുത്ത് എത്തിയ വിഷ്ണു മോശം പദപ്രയോഗം നടത്തി.

ഭയന്ന് പോയ പെൺകുട്ടി ഉടൻ തന്റെ ആൺ സുഹൃത്തിനെ ഫോണിൽ വിളിച്ചു വിവരമറിയിച്ചു. സ്ഥലത്തെത്തിയ പെൺകുട്ടിയുടെ ആൺ സുഹൃത്ത് വിഷ്ണുവുമായി വാക്ക് തർക്കത്തിൽ ഏർപ്പെട്ടു.

ഇതിനിടെ കൈയിൽ കരുതിയിരുന്ന ചങ്ങല ഉപയോഗിച്ച് വിഷ്ണു പെൺകുട്ടിയുടെ ആൺ സുഹൃത്തിനെ ആക്രമിക്കാൻ ശ്രമിച്ചു. ചങ്ങല പിടിച്ചുവാങ്ങി പെൺകുട്ടിയുടെ സുഹൃത്ത് വിഷ്ണുവിന്റെ തല അടിച്ചു പൊട്ടിച്ചു. പോലീസും നാട്ടുകാരും എത്തിയാണ് രംഗം ശാന്തമാക്കിയത്. പെൺകുട്ടിയുടെ ആൺ സുഹൃത്തിനോട് കാണിച്ചു തരാം എന്നും നിന്നെ സ്കെച്ച് ചെയ്തിട്ടുണ്ടെന്നും വിഷ്ണു ഭീഷണിപ്പെടുത്തുകയും ചെയ്തു. ആർക്കും പരാതിയില്ലാത്തതിനാൽ പോലീസ് കേസെടുത്തില്ല. ഇരു കൂട്ടരെയും സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തിയിരുന്നു.

## രാഹുൽ ക്ഷേത്രദർശനത്തിന് പോയി; പിന്നാലെ പാഞ്ഞ് പോലീസ് സംഘം

പത്തനംതിട്ട: പീഡനക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ക്ഷേത്രദർശനത്തിന് പോയതിനു പിന്നാലെ പാഞ്ഞ് പോലീസ് സംഘം. അടൂർ മുണ്ടപ്പള്ളിയിലെ വീട്ടിൽ നിന്ന് സ്കൂട്ടറിൽ രാഹുൽ പുറത്തിറങ്ങിയതോടെ പോലീസ് സംഘം പാഞ്ഞെത്തുകയായിരുന്നു.

ഷാഡോ പോലീസ് സംഘമാണ് രാഹുലിന്റെ നീക്കങ്ങൾ നിരീക്ഷിക്കാൻ വീടിന് മുന്നിലുള്ളത്. രാഹുൽ എവിടേക്ക് യാത്ര ചെയ്യുന്നുവെന്ന് നിരീക്ഷിക്കാനുള്ള നിർദേശം ലഭിച്ചതിനാൽ പോലീസ് സംഘം രാഹുലിനു പിന്നാലെ പോവുകയായിരുന്നു.

കുറച്ച് സമയത്തിന് ശേഷം രാഹുൽ തിരിച്ചെത്തുകയും ചെയ്തു. അതേസമയം രാഹുലിനെതിരായ രണ്ട് കേസുകളും ഹൈക്കോടതി ഇന്ന് പരിഗണിക്കും. അതിനാൽ രാഹുലിനെ ഇന്ന് അന്വേഷണ സംഘം ചോദ്യം ചെയ്തേക്കില്ലെന്നും റിപ്പോർട്ടുകളുണ്ട്.

കേസിൽ ഹൈക്കോടതി തീരുമാനത്തിന് ശേഷമായിരിക്കും ചോദ്യം ചെയ്യലിൽ തീരുമാനമെടുക്കുക. പത്തനംതിട്ടയിലുണ്ടാകണമെന്നും ജില്ല വിട്ടുപോകരുതെന്നും പ്രത്യേക അന്വേഷണ സംഘം രാഹുലിന് നിർദേശം നൽകി.

## അട്ടപ്പാടിയിൽ നവജാത ശിശു മരിച്ചു; റിപ്പോർട്ട് തേടി ജില്ലാ കളക്ടർ

പാലക്കാട്: അട്ടപ്പാടിയിൽ നവജാത ശിശുമരിച്ചു. ഷോളയൂർ സ്വർണപിരിവിൽ സുമിത്രയുടെ മകനാണ് മരിച്ചത്. ആറ് മാസം ഗർഭിണിയായിരുന്ന സുമിത്ര ഇന്ന് രാവിലെ വീട്ടിൽ വച്ച് പ്രസവിക്കുകയായിരുന്നു.

പിന്നാലെ അട്ടപ്പാടിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് എത്തിച്ചപ്പോഴേക്കും കുഞ്ഞ് മരിച്ചു. സംഭവത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് തേടി.

ജില്ലാ മെഡിക്കൽ ഓഫീസർ, ഐസിഡിഎസ് എന്നിവരോടാണ് കളക്ടർ റിപ്പോർട്ട് തേടിയിരിക്കുന്നത്. ആശുപത്രിക്ക് വീഴ്ചയുണ്ടോയെന്ന് പരിശോധിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

സുമിത്രയുടെ ആറാമത്തെ പ്രസവമായിരുന്നു ഇത്. ഇതുവരെ നടന്ന പ്രസവങ്ങളിലെല്ലാം കുഞ്ഞുങ്ങൾ മരിച്ചിരുന്നു. ഇത്തവണ മാർച്ചിലായിരുന്നു പ്രസവം നടക്കേണ്ടിയിരുന്നത്. എന്നാൽ ആറുമാസമായപ്പോൾ പ്രസവം നടന്നു, കുഞ്ഞ് മരിച്ചു. യുവതിയെ കോട്ടത്തറ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. യുവതിയുടെ ആരോഗ്യനില തൃപ്തികരമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

## മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചു

സംസ്ഥാനത്ത് മാതൃകാ പെരുമാറ്റചട്ടം ഇന്ന് 2025 (ഡിസംബർ 15) മുതൽ പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. എന്നാൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് മൂന്ന് വാർഡുകളിൽ പ്രത്യേക തിരഞ്ഞെടുപ്പ് നടക്കാനുള്ളതിനാൽ മലപ്പുറം ജില്ലയിലെ മൂത്തേടം, എറണാകുളം പാമ്പാക്കുട എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൂർണമായും തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിൽ മാത്രമായും തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ മാതൃകാപെരുമാറ്റചട്ടം നിലനിൽക്കുന്നതായിരിക്കും.തദ്ദേശ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് നവംബർ 10 മുതലായിരുന്നു മാതൃകാ പെരുമാറ്റച്ചട്ടം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നിലവിൽ വന്നത്.

## വാഹന ഗതാഗതം തടസ്സപ്പെടും

കുഞ്ചാലുംമൂട്- തമലം - കേശവ് ദേവ് റോഡിൽ ബി.എം പ്രവർത്തികൾ ചെയ്യുന്നതിന്റെ ഭാഗമായി ഡിസംബർ 15 മുതൽ പൂർണ്ണമായും വാഹന ഗതാഗതം തടസ്സപ്പെടും. മുടവൻമുഗൾ നിന്നും തമലം വഴി കുഞ്ചാലുംമൂട് പോകേണ്ടുന്ന വാഹനങ്ങൾ പൂജപ്പുര വഴിയും പാപ്പനംകോട് നിന്നും തമലം വഴി കുഞ്ചാലുംമൂട് പോകേണ്ടുന്ന വാഹനങ്ങൾ കരമന വഴിയും പോകണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.